# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കായണ്ണ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്-2017-18


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

e-mail:................................

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി. പി4/2700 /2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കോഴിക്കോട് ജില്ല

തീയതി.07.01.2019

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് സെക്രട്ടറി മുഖേന

**കായണ്ണ** ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : **കായണ്ണ** ഗ്രാമപഞ്ചായത്ത് - **2017-18** സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **കായണ്ണ** ഗ്രാമപഞ്ചായത്തിന്റെ **2017-18** സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3. എന്നിവയിലെ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,കോഴിക്കോട്

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.കെ.കെ.ഡി. പി4/2700 /2018 തിയ്യതി:07.01.2019

# കോഴിക്കോട് ജില്ലയിലെ കായണ്ണ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്:)*

കോഴിക്കോട് ജില്ലയിലെ **കായണ്ണ** ഗ്രാമപഞ്ചായത്തിന്റെ **2017-18** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് **18.06.2017** മുതൽ **09.11.2018** തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ ഒന്നിനും മറുപടി ലഭിച്ചിട്ടില്ല. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. സതീഷ് മാവേലി പുത്തൻവീട്,<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 12.11.2018 മുതൽ 21.11.2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. കെ. പി. ഹരി | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. എം. കരുണാകരൻ | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ഇന്ദുകല. സി. വി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. അഫ്സൽ. ടി.എം | ഓഡിറ്റർ |

## (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡണ്ട് | ശ്രീമതി. എൻ. പദ്മജ | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ. പി. രാജീവൻ | 01.04.2017 മുതൽ 31.03.2018 വരെ |

## നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി. സെക്രട്ടറി | ശ്രീമതി. പ്രസന്ന കുമാരി അമ്മ | 01.04.2017 മുതൽ 31.03.2018 വരെ |
| അസി. എഞ്ചിനീയർ | ശ്രീ. അജിത് കുമാർ. ഇ. ടി | 01.04.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. ഷെൽജ. പി | 01.04.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. മുകുന്ദവർമ്മ. ആർ | 01.04.2017 മുതൽ 19.12.2017 വരെ |
| | ഡോ. ജീജ. കെ. എൻ | 20.12.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. സിന്നീഷ്. പി | 01.04.2017 മുതൽ 15.072017 വരെ |
| | ഡോ. ജീജ. സി | 16.07.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ. വിജിത. സി | 01.04.2017 മുതൽ 27.06.2017 വരെ |
| | ഡോ. മുഹമ്മദ് നവാസ് | 28.06.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ ഗ്രേഡ് 1 കായണ്ണ | ശ്രീമതി. മഞ്ജുഷ. ടി. കെ | 01.04.2017 മുതൽ 05.12.2017 വരെ |
| | ശ്രീ. സജീഷ്. വി. കെ | 06.12.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ ഗ്രേഡ് 1 ചെറുക്കാട് | ശ്രീ. ജംഷീർ. ഇ | 01.04.2017 മുതൽ 05.12.2017 വരെ |
| | ശ്രീ. ബിജോഷ്. എസ്. ഡി | 06.12.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. സന്ധ്യ. കെ | 01.04.2017 മുതൽ 31.03.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. ലീന. ടി. കെ | 01.04.2014 മുതൽ 30.11.2017 വരെ |
| | ശ്രീമതി. ശിജിന. എ | 01.12.2017 മുതൽ 31.03.2018 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ. സി. കെ. വാസുദേവൻ | 01.04.2017 മുതൽ 30.04.2017 വരെ |
| | ശ്രീ.രാജൻ .ടി | 01.05.2017 മുതൽ 31.03.2018 വരെ |

## ഭാഗം -1
## പൊതു അവലോകനം

## 1-1 ബജറ്റ്

ഓഡിറ്റ് വർഷത്തെ ബജറ്റ് 22.03.2017 തീയതിയിലെ 206ാം നം തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 12.03.2018തീയതിയിലെ 1 നം. തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2017 | 15.05.2018 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 27.06.2018 മുതൽ 28.06.2018 വരെ | കെ.എസ്.എ.കെ.കെ.ഡി/ ഇ2/1111/2018(24) |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 55,87,586 |
| വരവ് | 5,95,34,962 |
| ആകെ | 6,51,22,548 |
| ചെലവ് | 6,03,22,881 |
| നീക്കിയിരിപ്പ് | 47,99,667 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | - | 92,90,667 | 92,90,667 | 8264166 | 10,26,501 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | - | 29,69,185 | 29,69,185 | 22,21,934 | 747251 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | | - | - | - | - |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | - | 8896213 | 8896213 | 8650899 | 245314 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | - | 2733362 | 2733362 | 2335147 | 398215 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | - | 4925459 | 4925459 | 4919660 | 5799 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | | 27045753 | 27045753 | 16965080 | 10080673 |
| സാക്ഷരത | | - | 56600 | 56600 | 56600 | - |
| ദുരിതാശ്വാസനിധി | | - | - | - | - | - |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | - | 34921852 | 34921852 | 34921852 | - |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 8422 | 1924148 | 1932570 | 1890468 | 42102 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | TSC | 278946 | 569887 | 848833 | 278211 | 570622 |
| | ICDS Central | 612494 | 449982 | 1062476 | 559832 | 502644 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | ST Corpus Fund | 497263 | - | 497263 | 497263 | - |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | - | 1047500 | 1047500 | 954000 | 93500 |
| | ജില്ലാ പഞ്ചായത്ത് | - | 400000 | 400000 | 400000 | - |
| ബി ഫണ്ട് | | - | 328080 | 328080 | 328080 | - |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 2895255 | 5513996 | 8409251 | 804981 | 359450 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 130 | 64804834 | 92 | 46883679 | 6 | 32 | 71 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 8422 | 1924148 | 1932570 | 1890468 | 42102 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 34921852 | 34921852 | 34921852 | - |

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 61080 | 114 |
| കർഷകതൊഴിലാളി പെൻഷൻ | 6854900 | 569 |
| വിധവാപെൻഷൻ | 6478600 | 548 |
| വാർദ്ധക്യകാലപെൻഷൻ | 10645400 | 855 |
| വികലാംഗപെൻഷൻ | 2177200 | 190 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 131800 | 14 |
| വിവാഹ ധനസഹായം | 90,000 | 3 |

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന **12.11.2018**-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ **34,668/-** രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു

# 1-10 ആഭ്യന്തരനിയന്ത്രണം

ഏതൊരു സ്ഥാപനത്തിന്റെയും ഭരണപരമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അനിവാര്യമാണ്. ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് ഏറെക്കുറെ ശ്രദ്ധിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ വരവുചെലവു കണക്ക് സൂക്ഷിപ്പും രജിസ്റ്ററുകളുടെയും രേഖകളുടെയും സുരക്ഷിതമായ സൂക്ഷിപ്പും തൃപ്തികരമാണ്. വിവിധ പദ്ധതികൾക്കായി സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പുകൾ വേർതിരിച്ച് സൂക്ഷിച്ചിട്ടുണ്ട്. വരവുകളും ചെലവുകളും കൃത്യമായി അക്കൌണ്ടു ചെയ്യപ്പെടുന്നുവെന്ന്ഉറപ്പുവരുത്തുന്നുണ്ട്. സാമ്പത്തിക ഇടപാടുകൾ രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. ബിൽ രജിസ്റ്റർ, ചെക്ക്&ഡ്രാഫ്റ്റ് രജിസ്ററർ, ഡി.സി.ബി.ഇനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, നികുതി അസസ്സ്മെന്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ട്. പ്രതിമാസ വരവുചെലവു കണക്കുകൾ തൊട്ടടുത്ത മാസം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. ബാങ്ക് ബുക്ക് നീക്കിയിരിപ്പുകൾ പാസ്സ്ബുക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചുപോരുന്നതിനാൽ നീക്കിയിരിപ്പു തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്.

വാഹന ഉപയോഗം, നിയന്ത്രണം, പരിപാലനം എന്നിവയ്ക്കായി സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് കസ്റ്റോഡിയൻ ഓഫീസർ ഉറപ്പുവരുത്തുന്നില്ല. ശമ്പളപരിഷ്കരണ കുടിശ്ശികയനുവദിച്ചപ്പോൾ അധികരിച്ച നിരക്കിലുള്ള ശമ്പളത്തിന്മേൽ ഈടാക്കേണ്ട പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കാതിരുന്നതും പ്രധാന വീഴ്ചയാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.04.2018 | 02/2018 | Kya-01/2018-19/PAU04, തീ. 12.04.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05.02.2018 | 2012-13 to 2016-17 | LBA(HQ)VI/8A-2776/1 തീ. 13.04.2018 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1. 2017-18 ലെ വാർഷിക ബജറ്റ് ഫംഗ്ഷൻ/ഫംഗ്ഷണറി അടിസ്ഥാന ത്തിലാണെങ്കിലും ആയത് സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല.
2. നിർവ്വഹണോദ്യോഗസ്ഥനായ വി.ഇ.ഒ, ടി.ആർ. 7 എ മാതൃകയിലുള്ള കാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല.
3. സ്റ്റോക്ക് രജിസ്റ്റർ, ആസ്തി രജിസ്റ്റർ എന്നിവ 2017-18 ൽ എഴുതി പൂർണ്ണമാക്കിയിട്ടില്ല.

# ഭാഗം -2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കാത്തത് - സംബന്ധിച്ച്

1).കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 205 ബി, കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങൾ -ചട്ടം 13 പ്രകാരം എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ സ്ഥാപനം നോട്ടീസ് നല്കേണ്ടതും നിശ്ചിത ഫോറത്തിൽ വിവരം വാങ്ങേണ്ടതുമാണ്.

2).കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങൾ -ചട്ടം 14 പ്രകാരം നോട്ടീസ് മൂലം സെക്രട്ടറിക്ക് തൊഴിലുടമയോട് ജീവനക്കാരോ,ഉദ്യോഗസ്ഥൻമാരോ കരാറുകാരോ ആയി ജോലി ചെയ്യുന്ന എല്ലാവരുടെയും പേര് അടങ്ങിയ ലിഖിതമായ ലിസ്റ്റ് അങ്ങനെ ജോലിയിൽ ഏർപ്പെടുത്തിയിട്ടുള്ള ആളുടെ ശമ്പളത്തേയോ വരുമാനത്തേയോ സംബന്ധിച്ച ഒരു സ്റ്റേറ്റ്മെന്റ് സഹിതം സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്.

3). കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങൾ -ചട്ടം 16 പ്രകാരം തൊഴിലുടമയോടോ ,അവരുടെ പ്രതിനിധികളോടോ രണ്ടാം നമ്പർ ഫോറത്തിൽ തൊഴിലെടുക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നല്കേണ്ടതാണ്

4). വാടകയിലൂടെ വരുമാനമാർജ്ജിക്കുന്ന കെട്ടിട ഉടമകളെ ഉൾപ്പെടുത്തിയും ക്രമനം 1 ൽ സൂചിപ്പിച്ച, കെട്ടിട ഉടമകൾ ലഭ്യമാക്കുന്ന വിവരങ്ങളും 3ൽ സൂചിപ്പിച്ച ഫോറം 2ലെ വിവരങ്ങളും അടിസ്ഥാനപ്പെടുത്തിയുമാണ് ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ,ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കേണ്ടത്.

എന്നാൽ നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ,തൊഴിലാളികൾ,വരുമാനദായകർ എന്നിവരെ കണ്ടെത്താനുള്ള മേൽ നടപടിക്രമങ്ങൾ സ്ഥാപനത്തിൽ പാലിക്കപ്പെട്ടിട്ടില്ല. ഈ നടപടിക്രമങ്ങൾ

പാലിക്കാത്തതുകൊണ്ട്, കെട്ടിടങ്ങളിൽ തൊഴിലിലേർപ്പെട്ട പ്രവർത്തിക്കുന്നവർ മാത്രമല്ല കെട്ടിട ഉടമകളും തൊഴിൽ നികുതി പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടു.

ഉദാ- 2017-18 സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന സ്ഥാപനങ്ങളിൽ ഒന്നിലധികം ജീവനക്കാർ ജോലി ചെയ്യുന്നതായി കാണിച്ചിട്ടുണ്ട്.

| ക്രമ നം | അപേക്ഷകന്റെ പേര് | വാർഡ് നം/ സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 30 | പി കെ ബാലകൃഷ്ണൻ, സുഭിക്ഷ കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി(ലിമി), നൊച്ചാട് പി ഒ | 3/177സുഭിക്ഷ ഹാന്റ് മെയ്ഡ് വെർജിൻ ഓയിൽ യൂനിറ്റ്, മട്ടാനോട് | 10 |
| 89 | ഷൈനി കെ പി<br>സെക്രട്ടറി, ഒരുമ വസ്ത്ര നിർമാണ യൂനിറ്റ് | 11/156ഒരുമ വസ്ത്ര നിർമാണ യൂനിറ്റ്,കായണ്ണ | 6<br>(2017-18 രണ്ടാം അർദ്ധ വർഷം മുതൽ) |
| 93 | ടി സത്യൻ | 3/37നാച്വറൽ ഹെൽത്ത് കെയർ ഡയബറ്റിക് ഫുഡ് പ്രൊഡക്റ്റ്<br>കായണ്ണ ബസാർ-കുരാച്ചുണ്ട് റോഡ് | 5<br>(2017-18 രണ്ടാം അർദ്ധ വർഷം മുതൽ) |

എന്നാൽ മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേൺ, സ്ഥാപന മേധാവികൾ സമർപ്പിക്കുകയോ, തൊഴിൽ നികുതി പഞ്ചായത്തിൽ ഒടുക്കുകയോ ഇവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി പഞ്ചായത്ത് സ്വീകരിക്കുകയോ ചെയ്തിട്ടില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. എന്നാൽ മേൽ പരാമർശിച്ച പ്രകാരം ഗ്രാമപഞ്ചായത്ത് തൊഴിലിലേർപ്പെട്ട മുഴുവൻ പേരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല.

ധനകാര്യ സ്റ്റാന്റിങ് കമ്മറ്റിയിൽ ഇക്കാര്യങ്ങൾ ചർച്ച ചെയ്യുകയോ, തീരുമാനങ്ങളെടുക്കുകയോ ചെയ്തിട്ടില്ല. നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ,തൊഴിലാളികൾ,വരുമാനദായകർ എന്നിവരെ കണ്ടെത്താനുള്ള നടപടിക്രമങ്ങൾ ചട്ട പ്രകാരം സ്വീകരിച്ച് ഇവരിൽ നിന്നും നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 ഡി&ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232 പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തു വകകൾക്കോ അപകടകരമോ, അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളതുമായ ഏതെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകിയ ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസരണമല്ലാതെയും പഞ്ചായത്ത് പ്രദേശത്ത് യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു.

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ -ചട്ടം 4 പ്രകാരം ഇക്കാര്യം പഞ്ചായത്ത് പരസ്യപ്പെടുത്തേണ്ടതും ആണ്. ചട്ടം 5 പ്രകാരം 1-ാം പട്ടികയിൽ പറഞ്ഞ കാര്യങ്ങൾക്ക് ഉപയോഗിക്കുന്ന ഏതൊരു സ്ഥലത്തിന്റെയും ഉടമസ്ഥനോ കൈവശക്കാരനോ അങ്ങനെയുള്ള ആവശ്യത്തിന് അങ്ങനെയുള്ള സ്ഥലം ഉപയോഗിക്കുന്നതിന് പരസ്യം പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം അപേക്ഷ നൽകേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് വാണിജ്യാവശ്യത്തിന് നമ്പർ നൽകിയിട്ടുള്ള മുഴുവൻ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവർ ഓഡിറ്റ് വർഷത്തിൽ ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്നതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ (സഞ്ചയ പ്രകാരം)താഴെ ചേർക്കുന്നു

| | |
|---|---|
| 100 ച. മീ. വരെ വിസ്തൃതിയുള്ള കെട്ടിടങ്ങൾ | - 537 |
| 100 ച. മീ. ക്ക് മുകളിൽ വിസ്തൃതിയുള്ളത് | - 13 |
| ഓഫീസ് ആവശ്യത്തിനുള്ളത് | – 12 |
| വ്യവസായിക ആവശ്യത്തിനുള്ളത് | – 12 |
| ഇതര വ്യവസായത്തിനുള്ളത് | – 32 |
| ആകെ | 606 |

എന്നാൽ പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി മേൽ പരാമർശിച്ച പ്രകാരം നമ്പർ നൽകിയിട്ടുള്ള 606 കെട്ടിടങ്ങൾ ഉണ്ടായിരിക്കെ 2017-18 സാമ്പത്തിക വർഷത്തിൽ 161 പേർ മാത്രമാണ് 2017-18 വർഷത്തിൽ ഡി&ഒ ലൈസൻസ് എടുത്തിട്ടുള്ളത്. മേൽ കെട്ടിട ഉടമകളൊന്നും വേക്കൻസി റെമിഷനായി അപേക്ഷ സമർപ്പിക്കാത്തതിൽ നിന്നും നിലവിൽ ധാരാളം പേർ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി മേൽ കെട്ടിടങ്ങൾ ഉപയോഗിക്കുന്നുണ്ട് എന്ന കാര്യം വ്യക്തമാണ് . മേൽ വിഷയം പഞ്ചായത്ത് നാളിതു വരെയും പരിശോധിച്ചിട്ടില്ല. സമയോചിതമായ നടപടികളുടെ അഭാവം കാരണം വളരെ കുറഞ്ഞ തനത് വരുമാനമുള്ള പഞ്ചായത്തിന് ലഭ്യമാകേണ്ടിയിരുന്ന വരുമാനം നഷ്ടപ്പെടുന്ന അവസ്ഥയാണ് ഉള്ളത് . പഞ്ചായത്തിന്റെ പരിധിയിൽ ഡി&ഒ ലൈസൻസ് എടുക്കാൻ ബാധ്യസ്ഥരായ മുഴുവൻ ആളുകളെ കൊണ്ടും ലൈസൻസ് എടുപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയ്ക്കേണ്ടതാണ്.

ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റിയുടെ 11/10/17 ലെ തീരുമാനം 26/17 പ്രകാരം ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന എല്ലാ കടകൾക്കും ലൈസൻസ് എടുപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഈ വിഷയത്തിൽ തുടർനടപടികൾ ഉണ്ടായിട്ടില്ല. 05-02-2018 ലെ ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റിയുടെ തീരുമാനം 06/2018 പ്രകാരം കച്ചവട സ്ഥാപനങ്ങൾക്ക് ലൈസൻസ് എടുപ്പിക്കുന്നതിന് 08/02/2018 ന് വ്യപാര സംഘടനാ പ്രതിനിധികളുടെ യോഗം വിളിച്ച് ചേർത്തുവെങ്കിലും യോഗത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് കൈകൊണ്ട നടപടികളുടെ വിശദാംശങ്ങൾ ലഭ്യമല്ല.

## 2-3 ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ അനുവദിച്ച് കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

ചട്ടം **3(4)** പ്രകാരം ഒരു കെട്ടിടത്തിന്റെ തന്നെ വ്യത്യസ്ത ഭാഗങ്ങൾ **(**മുകൾ നിലകൾ ഉൾപ്പടെ**)**വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതാണെങ്കിലോ**,** ഒരാളിന്റെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണങ്ങളാൽ ആ കെട്ടിട ഭാഗങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പരുകൾ നൽകിയിട്ടുണ്ടെങ്കിലോ**,** ഒരോ ഭാഗത്തേയും വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് ഓരൊന്നിനും വസ്തുനികുതി ചുമത്തേണ്ടതാണ്**.** ചട്ടം **3(5)** പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം ചട്ടം **4 (1)**ൽ പരാമർശിക്കുന്ന തരത്തിൽ വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിട ഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് ഓരൊന്നിനും വസ്തുനികുതി ചുമത്തേണ്ടതാണ്**.** ചട്ടം **.4 (1)** ൽ കെട്ടിടങ്ങളെ എങ്ങനെ ഇനം തിരിച്ച് കണക്കാക്കാമെന്ന് വിശദീകരിച്ചിട്ടുണ്ട്**.**

1. പാർപ്പിടാവശ്യത്തിനു ഉപയോഗിക്കുന്നവ.
2. വ്യാവസായികാവശ്യത്തിനു ഉപയോഗിക്കുന്നവ.
3. വിദ്യാലയങ്ങൾക്കോ, ആശുപത്രികൾക്കോ ഉപയോഗിക്കുന്നവ.
4. അമ്യൂസ്മെന്റ് പാർക്ക്, മൊബൈൽ ടെലഫോൺ ടവർ എന്നിവയ്ക്കായി ഉപയോഗിക്കുന്നവ.
5. വാണിജ്യ ആവശ്യത്തിനു ഉപയോഗിക്കുന്നവ.
6. മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നവ.
7. സർക്കാർ വിജ്ഞാപനം ചെയ്യുന്ന മറ്റേതെങ്കിലും ഇനം കെട്ടിടങ്ങൾ.

മേൽ വിവരിച്ച നിയമ വ്യവസ്ഥകൾ നിലനിൽക്കേയാണ് പഞ്ചായത്ത് പരിധിയിൽ 100 ച.മീ വിസ്തൃതിക്കു മുകളിൽ നിർമ്മാണം പൂർത്തീകരിക്കുന്ന വാണിജ്യ കെട്ടിടങ്ങളിലെ മുറികൾക്ക് ഒരോന്നിനും പ്രത്യേക നമ്പർ അനുവദിക്കുന്നത്. ഒരു വ്യക്തിയുടെ തന്നെ കെട്ടിടത്തിലെ വിവിധ മുറികൾക്ക് ഇപ്രകാരം നമ്പർ നൽകുന്നത് വഴി നികുതി നിർണ്ണക്കുമ്പോൾ 100 ചതുരശ്ര മീറ്ററിനു താഴെ വരികയും നിയമപരമായി പഞ്ചായത്ത് ഫണ്ടിന് ലഭിക്കേണ്ട നികുതിയിൽ കുറവ് വരുകയും ചെയ്യുന്നു.

പഞ്ചായത്തിലെ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 30രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 50 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്കല്ലാതെ, ഉപയോഗിക്കുന്ന കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി നികുതി നിർണയിച്ചത് മൂലം താഴെ പറയുന്ന 100 ച.മീ യിൽ കൂടുതലുള്ള കെട്ടിടങ്ങളിൽ നിന്നു 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് നികുതി ഈടാക്കുന്നത്. ഇതുമൂലം പഞ്ചായത്തിനു ലഭിക്കേണ്ട നികുതിവരവിൽ നഷ്ടം സംഭവിക്കുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേരും വിലാസവും | കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണം | കെട്ടിടത്തിനു നൽകിയ നമ്പറുകൾ | തറ വിസ്തീർണം | ബാധക മാക്കിയ നികുതി നിരക്ക് | ബാധക മാക്കിയ നികുതി (ഇളവുകളും വർധനവും അടക്കം)+ ലൈബ്രറി സെസ്സ്) (വഴി സൗകര്യം 20% വർദ്ധനവ്,) | ബാധകമാക്കേണ്ട നികുതി നിരക്ക് | ബാധക മാക്കേണ്ട നികുതി (ഇളവുകളും വർധനവും അടക്കം)+ ലൈബ്രറി സെസ്) | നഷ്ടം |
|---|---|---|---|---|---|---|---|---|
| | | | | | | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| വികാരി, സെന്റ് മേരീസ് ചർച്ച്. കാറ്റുള്ളമല | 239.05 | VI/266 A<br>VI/266B<br>VI/266C | 92.15<br>101.2<br>45.7 | 30<br>50<br>30 | 3318+166=3484<br>6072+304=6376<br>1646+83=1729 | 50 | 5529+277=5806<br>6072+304=6376<br>2742+138=2880 | 2211+1110<br>1096+55 |
| ആകെ | | | | | | | | 3307+176 |

മേൽ കെട്ടിടത്തിന്റേതടക്കം മുഴവൻ വാണിജ്യകെട്ടിടങ്ങളുടെയും വസ്തു നികുതി നിർണ്ണയം പുനഃപരിശോധിക്കേണ്ടതും കുറവ് വന്ന നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയ്ക്കേണ്ടതുമാണ്.

# 2-4 സേവനങ്ങൾ നൽകുന്നതിന്നിന് നിയമപ്രകാരമുള്ള ഉപനികുതിഈടാക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 200(2) പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിനും അതിന്റെ പ്രദേശത്ത് ശുചിത്വ പരിപാലനം, ജലവിതരണം, സ്കാവൻജിംഗ്, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവയ്ക്ക് അപ്രകാരം ഗ്രാമപഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം നിർണ്ണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതാണ്. 14.01.2011 ലെ കേരള അസാധാരണ ഗസറ്റ് നമ്പർ 82 ൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എസ്.ആർ.ഒ. നമ്പർ 37/2011 ആയി സർക്കാർ പ്രസിദ്ധീകരിച്ചു. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം.27 പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ ഈടാക്കേണ്ട സേവന ഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ എത്രയെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം.29 പ്രകാരം പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സേവന ഉപനികുതി ഈടാക്കുന്നതിനായി പഞ്ചായത്തിൽ ഓഡിറ്റ് കാലയളവ് വരേയും നടപടി ക്രമങ്ങൾ പൂർത്തീകരിച്ചില്ല. 2017-18സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ നിന്നും ഏർപ്പെടുത്തിയ സേവനങ്ങൾക്ക് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഏർപ്പെടുത്തിയ സേവനങ്ങൾ | ചെലവഴിച്ച തുക |
|---|---|
| തെരുവ് വിളക്ക് | 93842 |
| പൊതു ടാപ്പുകൾ | 357000 |
| ആകെ | 450842 |

സേവനങ്ങൾ നൽകുന്നതിന്നിന് നിയമപ്രകാരമുള്ള ഉപനികുതി ഈടാക്കേണ്ടതുണ്ടോ എന്ന കാര്യം ഗ്രാമപഞ്ചായത്ത്/ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് പരിശോധിക്കാവുന്നതാണ്.

# 2-5 പഞ്ചായത്ത് ഭൂമി(സ്വപ്ന നഗരി) വാടകയ്ക്ക് നൽകിയതിലെ -അപാകതകൾ

കായണ്ണ അങ്ങാടിയിൽ പഞ്ചായത്ത് അധീനതയിലുള്ള ഭൂമി (സ്വപ്ന നഗരി) വാടകക്ക് നൽകിയതുമായി ബന്ധപ്പെട്ട രജിസ്റ്റർ, പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. പഞ്ചായത്തിന്റെ കൈവശമുള്ള ഭൂമി പാട്ടത്തിന് നൽകുന്നത് ഏതെങ്കിലും ചട്ടത്തിന്റെയോ സർക്കാർ ഉത്തരവിന്റെയോ അടിസ്ഥാനത്തിലാണെങ്കിൽ ആയതിന്റെ വിശദവിവരം അറിയിക്കേണ്ടതാണ്.

2) പ്രതിദിന വാടക നിരക്ക് നിശ്ചയിച്ച് പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ചതിന്റെ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല

3. 2015-16 സാമ്പത്തിക വർഷത്തിൽ പ്രതിദിനം 1000/- രൂപയായിരുന്നു ഒരു ദിവസത്തെ വാടകയായി ഈടാക്കി കൊണ്ടിരുന്നത് എന്നാൽ 2016-17,2017-18 സാമ്പത്തിക വർഷങ്ങളിൽ പ്രതിദിനം 500 രൂപയാക്കി വാടക കുറവ് വരുത്തിയിട്ടുണ്ട്. തനത് വരുമാനം വളരെ കുറവായ പഞ്ചായത്തിൽ വാടകയിനത്തിൽ ലഭിച്ച് കൊണ്ടിരുന്ന

വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടിയെടുക്കുന്നതിന് പകരം പ്രതി ദിന വാടക കുറവ് വരുത്താനുണ്ടായ സാഹചര്യം വിശദമാക്കേണ്ടതാണ്

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ലോകബാങ്ക് ധനസഹായം -പദ്ധതി പണം പാഴായി പ്രവൃത്തിയിൽ അപാകത

2016- 17 വർഷം കെ എൽ ജിഎസ് ഡി എപി ഗ്രാൻഡ് ഇനത്തിൽ കേന്ദ്രസഹായം 13622619 രൂപയും സംസ്ഥാന വിഹിതമായി 8578521 രൂപയും ഉൾപ്പെടെ 22201140 രൂപ ലഭിച്ചിട്ടുണ്ട്. ഈ ഫണ്ട് 4 പദ്ധതികൾക്കായി വകയിരുത്തി. കായണ്ണ ഗ്രാമപഞ്ചായത്ത് കുടിവെള്ള പദ്ധതിയും, കൂടത്തും പോയിൽ സാംസ്കാരികനിലയം, ഗ്രാമപഞ്ചായത്ത് റെക്കോർഡ് റൂം നിർമാണം എന്നിവക്കാണ് തുക വകയിരുത്തിയത് 2016 -17 വർഷം ഫണ്ട് ചെലവഴിക്കാത്തതിനാൽ 2017 -18 വർഷത്തിൽ ഇതേ തുക സർക്കാർ അനുവദിച്ചിട്ടുണ്ട്- 2017 -18 വർഷത്തിൽ മേൽ പദ്ധതിയ്ക്കായി ചെലവഴിച്ച തുകയുടെ വിശദാംശം താഴെക്കൊടുക്കുന്നു.

| ക്രമനം | പ്രൊജക്റ്റിന്റെ പേര് | 2017-18 ൽ ചെലവഴിച്ചതുക | 2016-17 ൽ വകയിരുത്തിയ തുക |
|---|---|---|---|
| 1 | റെക്കാർഡ് റൂം റിനൊവേഷൻ & ഫർണിഷിംഗ് കായണ്ണ ഗ്രാമപഞ്ചായത്ത്(100/2018) | 743557 | 743557 |
| 2 | കൂടത്തുംപോയിൽ സാംസ്കാരികനിലയം (128/18) | 1266821 | 1309946 |
| 3 | കൂടത്തുംപോയിൽ സാംസ്കാരികനിലയംപരിഷ്കരണം 133/18 | 121574 | 147637 |
| 4 | കായണ്ണ ഗ്രാമപഞ്ചായത്ത് കുടിവെള്ളപദ്ധതി 129/18 | 14833128 | 20000000 |
| | ആകെ | 16965080 | 22201140 |

2018 -19 വർഷത്തിൽ ക്യൂബിൽ ആയി കുടിവെള്ളപദ്ധതിക്ക് 24665 രൂപ ചെലവഴിച്ചിട്ടുണ്ട്. മേൽകാണിച്ച പദ്ധതിയിൽ ക്രമനമ്പർ 1 റെക്കാർഡ് റൂം റിനൊവേഷൻ ആൻഡ് ഫർണിഷിങ് എന്ന പദ്ധതി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും ക്രമനമ്പർ രണ്ട് ,മൂന്ന്, നാല് എന്നിവ അസിസ്റ്റൻറ് എൻജിനീയറും നിർവഹണം ചെയ്തതാണ്. ഇതിൽ ക്രമ നമ്പർ 1 ലെ പ്രവൃത്തിയ്ക്ക് വകയിരുത്തിയ മുഴുവൻ തുകയും വിനിയോഗിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ താഴെ കൊടുത്ത

അപാകത കാണുന്നു.

1) 2016 -17 വർഷത്തിൽ 22201140 രൂപ വകയിരുത്തിയതിൽ തൻ വർഷത്തെ ചെലവ് ക്യൂ ബിൽ ഉൾപ്പെട്ട് 2017 -18 വർഷമാണ് ചെലവഴിച്ചത് .4844613 രൂപയുടെ ക്യൂ ബില്ലിന്ന് ജി.ഒ.(ആർ.ടി) 4473/2017/ ഫിൻ തി.29/05/2017ഉത്തരവ് പ്രകാരം തുക അലോട്ട് ചെയ്യുകയും, പ്രസ്തുത തുക ചെലവഴിക്കുകയും ചെയ്തു. എന്നാൽ 2016- 17 വർഷം തുക ചെലവഴിച്ചില്ല എന്ന കാരണത്താൽ ചെലവ് കാലാവധി 31- 3 -2018 വരെ ദീർഘിപ്പിച്ച് നൽകി 2016- 17 വർഷത്തെ അലോട്ട്മെൻറ് ആയ 22201140 രൂപ ജി ഒ(ആർ ടി)5824/17 ഫിൻ തി. 21/07/2017 ന് വീണ്ടും അനുവദിച്ചതായി കാണുന്നു. ഇത്തരത്തിൽ തുക അനുവദിച്ചപ്പോൾ sulekha സോഫ്റ്റ്വെയറിൽ തൻവർഷ അലോട്ട്മെൻറ് ആയി 22201140 രൂപ മാത്രമേ വകയിരുത്തപ്പെടുന്നുള്ളു, എന്നാൽ ഗ്രാമപഞ്ചായത്തിലെ appropriation കൺട്രോൾ റജിസ്റ്ററിൽ ക്യൂ ബില്ലിന്റെ അലോട്ട്മെൻറ് തുക 4844613 രൂപയും തൻ വർഷ അലോട്ടുമെൻറ് 22 201140രൂപയും ഉൾപ്പെടെ ആകെ അലോട്ട്മെൻറ് 27045753 രൂപ എന്നാണ് ചേർത്തി കാണുന്നത്.

2) മേൽവിവരിച്ച അപാകത നിലനിൽക്കെത്തന്നെ ലോകബാങ്ക് ധനസഹായമായി 22201140 രൂപ അലോട്ട്മെൻറ് കണക്കാക്കിയാൽ നാളിതുവരെ പ്രസ്തുത തുകയിൽ നിന്നും ,16989745 രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ.(2017- 18 ൽ 16965080 രൂപയും 18-19 ൽ 24665രൂപയും) അലോട്ട്മെന്റിന്റെ വിനിയോഗ കാലാവധി 31-8-2018 ന് അവസാനിച്ചതിനാൽ മേൽ അലോട്ട്മെൻറ് തുകയിൽനിന്ന് ചെലവഴിച്ച തുക കുറച്ച് അവശേഷിക്കുന്ന തുകയായ 5211395 രൂപ (22201140-16989745) നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ ഗ്രാമപഞ്ചായത്തിന് ചെലവഴിക്കാനാവാത്തതിനാൽ ലാപ്സ് ആയിരിക്കുകയാണ്, 4 പദ്ധതികൾക്കായി വകയിരുത്തിയ 22201140 രൂപയിൽ സെക്രട്ടറി നിർവഹണം ചെയ്ത പദ്ധതിക്ക് വകയിരുത്തിയ മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ടെങ്കിലും അസിസ്റ്റൻറ് എൻജിനീയർ നടപ്പാക്കിയ 21457583 രൂപ അടങ്കൽ തുകയിൽ 16246188 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. 5211395 രൂപ ലാപ്സായതിനു കാരണം സമയബന്ധിതമായി നിർവ്വഹണോദ്യോഗസ്ഥൻ പദ്ധതികൾ നടപ്പിലാക്കാത്തതിനാലാണ്.

ഈ പദ്ധതികൾക്ക് അംഗീകാരവും സാങ്കേതികാനുമതിയും 2016 -17 വർഷത്തിൽ തന്നെ ലഭിച്ചിട്ടുണ്ടെങ്കിലും 2016 -17 വർഷം തുകയൊന്നും ചെലവഴിക്കാതെ 2017- 18, 18- 19 വർഷങ്ങളിലായാണ് 16246188രൂപ ചെലവഴിച്ചത്.

വളരെ കുറഞ്ഞ സാമ്പത്തിക അവസ്ഥയുള്ള ഗ്രാമപഞ്ചായത്തിന് പദ്ധതിക്കായി തുക ലഭ്യമായിട്ടും അത് നിശ്ചിത സമയത്തിനകം ചെലവഴിക്കാതെ വൻ തുക ലാപ്സായി പോയത് പദ്ധതികൾ മോണിറ്ററിംഗ് നടത്തുന്നതിൽ വന്ന വീഴ്ചയാണ്.

3)കായണ്ണ പഞ്ചായത്ത് കുടിവെള്ള പദ്ധതി(129/18) എന്നത് 3 കുടിവെള്ള പദ്ധതികൾ ഉൾപ്പെടുന്ന ഒരൊറ്റ പദ്ധതിയാണ് അടങ്കലിലുൾപ്പെടുത്തിയിട്ടുള്ളത്. വിശദാംശം താഴെ കൊടുക്കുന്നു

| ക്രമ നം | പദ്ധതി പേര് | വകയിരുത്തിയ തുക |
|---|---|---|
| 1 | പാറച്ചാൽ കുടിവെള്ളപദ്ധതി | 2678376 |
| 2 | കോളർ പാറ കുടിവെള്ളപദ്ധതി | 4628900 |
| 3 | പൂവത്താൻ കുന്ന് കുടിവെള്ളപദ്ധതി | 12692724 |
| | | 20000000 |

മേൽ മൂന്ന് പദ്ധതിക്കും കൂടി സിവിൽ വർക്കിന് ആകെ 18615295 രൂപയും, റോഡ് കട്ടിങ് ചാർജ്, ഇലക്ട്രിഫിക്കേഷൻ,കെ.എസ്.ഇ.ബി.യിൽ ഡെപ്പോസിറ്റ്, എന്നിവക്ക് 1384705 രൂപയും ഉൾപ്പെടെ ആകെ രണ്ട് കോടി രൂപ വകയിരുത്തിയതിൽ താഴെ കൊടുക്കുന്ന പ്രകാരം 14857793 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്.

| ബിൽ നം | തുക | വിശദാംശം |
|---|---|---|
| 26/24-06-17 | 3990000 | സിവിൽ വർക്ക് |
| 80/21-10-17 | 2500000 | സിവിൽ വർക്ക് |
| 81/21-10-17 | 2268850 | സിവിൽ വർക്ക് |
| 82/21-10-17 | 231150 | സിവിൽ വർക്ക് |
| 104/28-12-17 | 1000000 | സിവിൽ വർക്ക് |
| 114/28-12-17 | 4510000 | സിവിൽ വർക്ക് |
| 116/29-12-17 | 137241 | ഇലക്ട്രിക്കൽ വർക്(ശശീന്ദ്രന് നൽകി) |
| 162/27-02-18 | 23607 | സിവിൽ വർക്ക് |
| 163/27-02-18 | 10200 | കെ എസ് ഇ ബി -ഡെപോസിറ്റ് |
| 204/22-03-18 | 162080 | ഇലക്ട്രിക്കൽ വർക്(ശശീന്ദ്രന് നൽകി) |
| 2018-19 | 24665 | ഇലക്ട്രിക്കൽ വർക്(ശശീന്ദ്രന് നൽകി) |
| | 14857793 | |

20- 2 -2017 ൽ നടന്ന ഈ ടെൻഡറിൽ സിവിൽ വർക്ക് സി വി ഐസക് എന്ന കരാറുകാരൻ 17570182 രൂപയ്ക്ക് (ഐറ്റം റൈറ്റ് കോൺട്രാക്ട്) ഏറ്റെടുത്ത സാഹചര്യത്തിൽ ഈ പദ്ധതിയിൽ 1045113 രൂപ (18615295-17570182)സേവിങ്സ് ഉണ്ട്. മേൽ സേവിംഗ്സ് തുക മറ്റ് പദ്ധതികൾക്ക് വകയിരുത്തി പദ്ധതി തയ്യാറാക്കി പ്രത്യേക ഡി.പി.സി യിൽ നിന്ന് അംഗീകാരം വാങ്ങി നടപ്പാക്കാമായിരുന്നു. ഇത്തരത്തിലുള്ള നടപടിയുടെ അഭാവം കാരണം മേൽ തുക ഗ്രാമപഞ്ചായത്തിന് ലാപ്സായി.

4 )പദ്ധതിനിർവഹണം ചെയ്തത് ഓഡിറ്റിന്റെ ഭാഗമായി സ്ഥല പരിശോധന നടത്തിയതിൽ താഴെ കൊടുക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു

1) **<u>കോളർ പാറ കുടിവെള്ളപദ്ധതി</u>**

1. ജലവിതരണ പൈപ്പ് (പി വി സി)ടാങ്കിൽ നിന്ന് പുറത്തേക്ക് വരുന്നത് മണ്ണിട്ട് മൂടാതെ പുറത്തേക്ക് കാണത്തക്ക രീതിയിലാണ് ലേയിങ് നടത്തിയിട്ടുണ്ട്.

2. പദ്ധതിയുടെ ഭാഗമായുള്ള പമ്പ് ഹൗസ് ആഗസ്റ്റ് മാസത്തിലെ വെള്ളപ്പൊക്കത്തിന് തുടർന്ന് പുഴയിലേക്ക് മറിഞ്ഞു വീണു (ഫോട്ടോ കാണുക).





പുഴയുടെ തീരത്ത് ചെരിഞ്ഞു കിടക്കുന്ന ഭാഗത്ത് കിണർ / പമ്പ് ഹൗസ് നിർമ്മിച്ചതിനാലാണ് ഇത്തരത്തിൽ കിണറിന് പുറംഭാഗത്തെ മണ്ണ് ഒലിച്ചു പോയതും പമ്പ് ഹൗസ് മറിഞ്ഞു പുഴയിലേക്ക് വീണതും. റിവൈസ്ഡ് എസ്റ്റിമേറ്റ് ലെ extra ഇനം (ഇ7) ആയി ഈ ഭാഗം കരിങ്കല്ല് ഉപയോഗിച്ച് കെട്ടിയതിന് ശേഷം മാത്രം പ്രസ്തുത നിർമ്മാണം നടത്തേണ്ടിയിരുന്നതിന് പകരം കരിങ്കൽകെട്ട് കെട്ടാതെ പണിതതിനാലാണ് പമ്പ് ഹൗസ് മറിഞ്ഞു വീഴാൻ ഇടയായത്.

2)**<u>പൂവത്താൻ കുന്ന് കുടിവെള്ളപദ്ധതി</u>**

1) പമ്പ് ഹൗസ് ചരിഞ്ഞ നിലയിലാണ് പുഴയോരത്ത് കിണറിന് സമീപം നിർമ്മിച്ചതിനാലാണ് പമ്പ്ഹൗസ് ചെരിയാനിടയായത്. പുഴയുടെ തീരം കരിങ്കൽ ഭിത്തി കെട്ടി സംരക്ഷിച്ചതിന് ശേഷം പ്രവൃത്തി നടത്തിയിരുന്നുവെങ്കിൽ ഇങ്ങനെ സംഭവിക്കില്ലായിരുന്നു. തുടർന്ന് എം എൻ ആർ ഇ ജി എസ് പ്രവൃതിയുടെ ഭാഗമായി പുഴയുടെ തീരം കരിങ്കൽ ഭിത്തികെട്ടി, മണ്ണ് ഫിൽ ചെയ്തിട്ടുണ്ട്. പ്രസ്തുത ഫയലിൽ മേൽ പ്രവൃത്തി നടക്കുന്ന സമയത്തുതന്നെ പമ്പ്ഹൗസ് ചെരിഞ്ഞു കിടന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. [(കുമ്പുക്കൽ താഴത്തോടിന് സംരക്ഷണ ഭിത്തി നിർമ്മാണം റീച്ച്/1-2 ഫയൽ കാണുക) ഈ പ്രവൃത്തി അളന്നത് 8- 8- 2018 നാണ് അതായത് വെള്ളപ്പൊക്കത്തിന് മുമ്പു തന്നെ പമ്പ് ഹൗസ് മറിഞ്ഞ നിലയിൽ ആണ് എന്ന് ഫയൽ കുറിപ്പിൽ നിന്ന് വ്യക്തമാണ് (ഫോട്ടോ കാണുക)]



2) പദ്ധതിയുടെ പമ്പിംഗ് മെയിനിൽ നിന്ന് ഓവർഹെഡ് ടാങ്ക് ലേക്ക് പോകുന്ന ജി.ഐ പൈപ്പ് കുമ്പുക്കൽ താഴ റോഡിൽ കുഴിച്ചു മൂടാത്ത നിലയിലും ,പരസ്പരം ജോയിൻ ചെയ്യാതെയും കാണപ്പെട്ടു. കൂടാതെ റോഡ് ക്രോസ് ചെയ്യുന്നിടത്ത് വാഹനങ്ങൾ പ്രസ്തുത പൈപ്പിന് മുകളിലൂടെയാണ് കടന്നുപോകുന്നത് ഇത് പ്രവൃത്തിയുടെ ഗുണനിലവാരത്തെ ബാധിക്കാനിടയുണ്ട്. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്



## 3-2 പ്രവൃത്തി നടത്തിപ്പിൽ അപാകത -തുടർനടപടി സ്വീകരിച്ചില്ല

കായണ്ണ ഗ്രാമപഞ്ചായത്തിലെ 2014- 15 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പഞ്ചായത്ത് ഓഫീസ്- അംഗനവാടി റോഡ് ,വെള്ള പാലം കണ്ടി -കാപ്പുമ്മൽ റോഡ് എന്നീ പ്രവർത്തികൾക്കായി ബിൽ നമ്പർ 30 /17-18/22-07-2017, 31/17-18/22.07.17 പ്രകാരം യഥാക്രമം 196452 രൂപയും 97972 രൂപയും കരാറുകാരൻ ശ്രീ.പി.കുഞ്ഞിമൊയ്തിക്ക് അനുവദിച്ചിട്ടുണ്ട് വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റിയുടെ 6-6-2017ലെ 13 /17 നമ്പർ തീരുമാനപ്രകാരം ഈ രണ്ട് പ്രവർത്തികൾ

2014 -15 വർഷത്തിൽ ആരംഭിച്ചതായതിനാൽ 17 -18 വർഷം സ്പിൽ ഓവർ ആയി ഉൾപ്പെടുത്തിയിട്ടില്ല. 2014 -15 വർഷം ഭാഗികമായി പൂർത്തിയാക്കിയ ഈ പ്രവൃത്തികൾ,കരാറുകാരനുമായുള്ള തർക്കത്തെ തുടർന്ന് ബിൽ അനുവദിക്കാനായില്ല. 2016 -17 വർഷം മാർച്ചിൽ ബിൽ ട്രഷറിയിൽ സമർപ്പിച്ചെങ്കിലും, ക്യൂ ബിൽ ആയി മാറിയെന്നും ആയതിനാൽ 2017 -18 വർഷത്തിൽ തുക ചെലവഴിക്കാൻ സുലേഖയിൽ ഉൾപ്പെടുത്താൻ സർക്കാറിനോട് അപേക്ഷിക്കാനും തീരുമാനിച്ചു.
ഫയൽ പരിശോധിച്ചതിൽ താഴെ കൊടുത്ത അപാകതകൾ കാണുന്നു

1) മേൽ പദ്ധതിക്ക് 2017- 18 വർഷം തുക ചെലവഴിക്കാൻ സർക്കാർ അനുമതി നൽകിയതിന്റെ വിശദാംശം/രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്
2 അസിസ്റ്റൻറ് എൻജിനീയർ 27 -6- 2015 ന് കരാറുകാരന് നൽകിയ കത്തിൽ (പകർപ്പ് സെക്രട്ടറിക്കും നൽകി) എ.ഇയുടെ അറിവോടെയല്ല കരാറുകാരൻ പ്രവൃത്തി ചെയ്തതെന്നും മേൽ പ്രവൃത്തികളിൽ അപാകതയുണ്ടെന്ന് ചൂണ്ടിക്കാണിച്ച് 30-3-2015 ന് പ്രദേശവാസികൾ പരാതി നൽകിയിട്ടുണ്ടെന്നും പരിശോധനയിൽ എസ്റ്റിമേറ്റിലെ സ്പെസിഫിക്കേഷൻ പ്രകാരമല്ല പ്രവൃത്തി നടത്തിയത് എന്ന് കാണാൻ കഴിഞ്ഞുവെന്നും വ്യക്തമാക്കി. അതിനാൽ എസ്റ്റിമേറ്റ് പ്രകാരം കരാർ വ്യവസ്ഥകൾക്ക് വിധേയമായി പ്രവൃത്തി പുനർനിർമാണം നടത്തേണ്ടതാണ് എന്നും നിർദ്ദേശിച്ചു. എന്നാൽ മേൽ വ്യക്തമാക്കിയ പ്രകാരം സ്പെസിഫിക്കേഷന് വിരുദ്ധമായി ചെയ്ത പ്രവൃത്തി എങ്ങനെ പരിഹരിച്ചു പുനർ നിർമ്മാണം നടത്തി എന്ന് വ്യക്തമല്ല. മേൽ വിശദീകരിച്ച ഗുരുതരമായ വസ്തുതകൾ ലാഘവത്തോടെ കൈകാര്യം ചെയ്തത് തുടർന്ന് ഫൈനൽ ബിൽ അനുവദിച്ച നടപടിയും ശരിയല്ല.
3 )പഞ്ചായത്ത് ഓഫീസ് -അങ്ങനവാടി റോഡ് പ്രവൃത്തിയുടെ എം.ബുക്ക് (73 / 14 -15 )പേജ് 6ൽ പ്രവൃത്തി, അസിസ്റ്റൻറ് എൻജിനീയർ അളന്നത് 19 -5- 2015 നും, അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെക്ക് മെഷർ ചെയ്തത്, 20-5- 2016 നുമാണ്. മറ്റെല്ലാ പേജിലും 2015 ലാണ് അളവെടുപ്പ് നടത്തിയിട്ടുള്ളത്. (പേജ് 3, 9 എന്നിവ കാണുക.) വെള്ളപ്പാലംകണ്ടി- കാപ്പുമ്മൽ റോഡിന്റെ (എം.ബുക്ക് 57/14-15 പേജ് 2 ൽ) ചെക്ക് മെഷർ ചെയ്തത് 26- 5 -2016 എന്നത് തിരുത്തി 2015 എന്നാക്കിയിട്ടുണ്ട്. കൂടാതെ (എം ബുക്ക് 57/14- 15 പേജ് 2 ,7 എന്നിവയിൽ) കരാറുകാരൻ അളവ് അംഗീകരിച്ചിട്ടില്ല എന്നും രേഖപ്പെടുത്തലുണ്ട്. മെഷർമെൻറ് ചെയ്ത അളവ് മുഴുവൻ ബില്ലിൽ വരാത്തതിനാലാണ് അംഗീകരിക്കാത്തത് എന്നും കരാറുകാരൻ വ്യക്തമാക്കി .ഇതിൽനിന്നും പ്രവൃത്തി സംബന്ധിച്ച് അപാകത നിലനിൽക്കുന്നു എന്ന് വ്യക്തമാകുന്നു.
ഗ്രാമപഞ്ചായത്തിൽ പൊതുമരാമത്തിൽ മോണിറ്ററിംഗ് സംവിധാനം ഫലപ്രദമായി നടക്കുന്നില്ല എന്നതാണ് മേൽ മൂന്ന് കാര്യങ്ങളിൽ നിന്ന് വ്യക്തമാകുന്നത്. ഇക്കാര്യത്തിൽ വികസന സ്റ്റാൻഡിങ് കമ്മിറ്റി കാര്യക്ഷമമായ ഇടപെടൽ നടത്തേണ്ടതാണ് അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും പ്രവൃത്തിയിൽ അപാകതയുണ്ടെങ്കിൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ തുടർ പ്രവൃത്തി ചെയ്യേണ്ടതുമാണ്.

## 3-3 2016-17 വർഷം വാറ്റ് ഈടാക്കി വകുപ്പിന് അടവാക്കിയില്ല

ഗ്രാമപഞ്ചായത്തിൽ 2016 -17 വർഷം തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പിലാക്കിയ 17 പ്രവൃത്തികൾക്ക് ആവശ്യമായ സാധനങ്ങൾ വിതരണം ചെയ്യുന്നതിന് അംഗീകൃത

വിതരണക്കാരിൽ നിന്നും ടെണ്ടർ ക്ഷണിക്കുകയും, ഏറ്റവും കുറവ് കോട്ട് ചെയ്ത കരാറുകാരന് ടെണ്ടർ നൽകുകയും ചെയ്തു. മെറ്റീരിയൽ വിതരണം ചെയ്തതിന് ആകെ 4033145 രൂപ കരാറുകാർക്ക് നൽകിയിട്ടുണ്ട്. സാധനങ്ങൾ സപ്ലൈ ചെയ്യുമ്പോൾ ഫോറം 8ലെ ബിൽ( റൂൾ 58 വാറ്റ് റൂൾ) സമർപ്പിക്കേണ്ടതാണെങ്കിലും, പ്രസ്തുത കാഷ് ബിൽ കരാറുകാരൻ സ്വന്തംനിലയ്ക്ക് സമർപ്പിച്ചിട്ടില്ല സ്വന്തംനിലയ്ക്ക് ക്യാഷ് ബിൽ നൽകാത്ത സാഹചര്യത്തിൽ കരാറുകാരൻ മേൽ മെറ്റീരിയൽസിന്റെ അംഗീകൃത വിതരണക്കാരനല്ലെന്ന് വ്യക്തമാണ്. കരാറുകാരൻ വിവിധ സ്ഥാപനങ്ങളിൽ നിന്ന് മെറ്റീരിയൽ വാങ്ങിയതിന്റെ ബില്ലാണ് ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ചത്. ഇതിൽ നിന്നും കരാറുകാരൻ ബിനാമിയായി പ്രവർത്തിച്ചു എന്ന് വ്യക്തമാകുന്നു. ബില്ലിന്റെ അഭാവത്തിൽ മെറ്റീരിയലിന്ന് 14.5 ശതമാനം വാറ്റ് കരാറുകാരനിൽ നിന്ന് ഈടാക്കോണ്ടിയിരുന്നു. വിശദാംശം താഴെ കൊടുക്കുന്നു

| ക്രമ നം | പ്രവൃത്തിയടെ പേര്/എം ബുക്ക്/ കരാറുകാരന്റെ പേര് | വിതരണം ചെയ്ത സാധനങ്ങളുടെ പേര്/തുക | ഈടാക്കേണ്ട വാറ്റ് തുക | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|
| 1 | കായണ്ണ പഞ്ചായത്ത് സ്റ്റേഡിയം റീച്ച് 1 നിര്മാണം<br>ഗിരീഷ് കുമാർ കോമത്ത്<br>241/16-17 | കരിങ്കല്ല് 109568<br>20 എം എം മെറ്റൽ 3514<br>10 എം എം മെറ്റൽ 1306<br>40 എം എം മെറ്റൽ 3283<br>എം സാന്റ് 5762<br>സിമന്റ് 15374<br>കമ്പി 9087 | 15887.36<br>510<br>189.37<br>476.04<br>835.49<br>2229.23<br>1332.12<br>------------<br>21460.00 | -- | 21460 |
| 2 | വൈശന്നൂർ താഴ-നമ്പ്രത്തുമ്മൽ കോളനി നടപ്പാത നിർമാണം<br>ചന്ദ്രൻ സി എച്ച്<br>121/16-17 | കരിങ്കല്ല് 73000 | 10585 | | 10585 |
| 3 | എരാമ്പൊയിൽ കറുത്തമ്പത്ത് റോഡ്<br>ചന്ദ്രൻ സി എച്ച്<br>143/16-17 | കരിങ്കല്ല് 103824<br>സിമന്റ് 10164<br>മണൽ 10857<br>മെറ്റൽ 8151<br>132996 | 19284 | | 19284 |
| 4 | | | 12289 | | 12289 |

| | | | | | |
|---|---|---|---|---|---|
| | എം എം പാറ കളിസ്ഥലം<br>ചന്ദ്രൻ സി എച്ച്<br>127/16-17 | കരിങ്കല്ല് 66188<br>സിമന്റ് 6468<br>മണൽ 6909<br>മെറ്റൽ 1512<br>മെറ്റൽ 3675<br>84752 | | | |
| 5 | എരാംപൊയിൽ റോഡ്<br>ചന്ദ്രൻ സി എച്ച്<br>220/16-17 | കരിങ്കല്ല് 14717.05<br>20 എം എം മെറ്റൽ 33248.25<br>10 എം എം മെറ്റൽ 10065.6<br>40 എം എം മെറ്റൽ 19656.0<br>മണൽ 44163.83<br>സിമന്റ് 97461<br>----------------------------<br>219312 | 31800 | | 31800 |
| 6 | പാത്തിക്കൽ കരുവാങ്കണ്ടി -ഇല്ലിക്കൽ റോഡ്<br>ചന്ദ്രൻ സി എച്ച്<br>209/16-17 | സിമന്റ് 150130<br>കരിങ്കല്ല് 17637.1<br>20 എം എം മെറ്റൽ 50133.3<br>10 എം എം മെറ്റൽ 14644.8<br>40 എം എം മെറ്റൽ 32869.2<br>മണൽ 68847.5<br>------------------------<br>334262 | 48468 | 15647 | 32821 |
| 7 | കൈതക്കുളങ്ങര-പള്ളിറോഡ് നിർമാണം<br>എൻ രാജൻ<br>203/16-17 | കരിങ്കല്ല് 51847.11<br>20 എം എം മെറ്റൽ 32326.62<br>10 എം എം മെറ്റൽ 9659.79 | 36537 | 11995 | 24542 |

| | | | | | |
|---|---|---|---|---|---|
| | | 40 എം എം മെറ്റൽ 20004.08<br>മണൽ 43574.54<br>സിമന്റ് 94564.09<br>-----------------------<br>-<br>251976.23 | | | |
| 8 | ഉമ്മൻതോട് -മണ്ണാന്റെ പറമ്പ് റോഡ്<br>എൻ രാജൻ<br>202/16-17 | 20 എം എം മെറ്റൽ 46015.88<br>10 എം എം മെറ്റൽ 13490.82<br>40 എം എം മെറ്റൽ 30607.85<br>മണൽ 63568.15<br>സിമന്റ് 139792.38<br>കമ്പി 4746<br>-----------------------<br>-<br>298221.08 | 43242 | 12710 | 30532 |
| 9 | വെള്ളപ്പാലൻകണ്ടി റോഡ് നിർമാണം<br>ചന്ദ്രൻ സി എച്ച്<br>205/16-17 | 20 എം എം മെറ്റൽ 58814.44<br>10 എം എം മെറ്റൽ 17062.65<br>40 എം എം മെറ്റൽ 39209.63<br>മണൽ 81215.63<br>സിമന്റ് 177348.15<br>373651 | 54179 | | 54179 |
| 10 | എം എം പാറ സ്റ്റേഡിയം നിർമാണം റീച്ച് 2<br>ചന്ദ്രൻ സി എച്ച്<br>214/16-17 | കരിങ്കല്ല് 210542.09<br>20 എം എം മെറ്റൽ 7539<br>10 എം എം മെറ്റൽ 3101.76<br>മണൽ 6951.68 | 35003 | | 35003 |

| | | | | | |
|---|---|---|---|---|---|
| | | സിമന്റ് 13268.64<br>241403.17 | | | |
| 11 | ചെമ്പരത്തിങ്കൽ നടപ്പാത നിർമാണം<br>മഹേഷ്വര കൺസ്ട്രക്ഷൻ<br>208/16-17 | കരിങ്കല്ല് 26384.27<br>20 എം എം മെറ്റൽ 49814.1<br>10 എം എം മെറ്റൽ 14642.64<br>40 എം എം മെറ്റൽ 32159.40<br>മണൽ 68064.66<br>സിമന്റ് 148231.44<br>-----------------------<br>339297 | 49198 | 15532 | 33666 |
| 12 | കള്ളംകൊത്തിപ്പാറ റോഡ് നിർമാണം<br>തോമസ് മാത്യൂ<br>227/16-17 | കരിങ്കല്ല് 11680.2<br>20 എം എം മെറ്റൽ 33185.25<br>10 എം എം മെറ്റൽ 9703.8<br>40 എം എം മെറ്റൽ 21703.5<br>മണൽ 45535.79<br>സിമന്റ് 99275.4<br>221084 | 32057 | 17875 | 14182 |
| 13 | പാറച്ചാൽ നടപ്പാത നിർമാണം<br>തോമസ് മാത്യൂ<br>237/16-17 | കരിങ്കല്ല് 26864.46<br>20 എം എം മെറ്റൽ 42134.81<br>10 എം എം മെറ്റൽ 12387.15<br>40 എം എം മെറ്റൽ 27129.38<br>മണൽ 57515.59<br>സിമന്റ് 125841.45<br>291873 | 42322 | -- | 42322 |

| | | | | | |
|---|---|---|---|---|---|
| 14 | ആലോറച്ചാൽ കൃഷിഭവൻ റോഡ് നിർമാണം<br>തോമസ് മാത്യൂ<br>216/16-17 | 20 എം എം മെറ്റൽ 35288.66<br>10 എം എം മെറ്റൽ 10237.59<br>40 എം എം മെറ്റൽ 23525.78<br>മണൽ 48729.38<br>സിമന്റ് 106408.89<br>---------------------------------<br>224190.30 | 32508 | -- | 32508 |
| 15 | തിരുമംഗലത്ത് കുന്ന് റോഡ് നിർമാണം<br>തോമസ് മാത്യൂ<br>230/16-17 | 20 എം എം മെറ്റൽ 35288.66<br>10 എം എം മെറ്റൽ 10237.59<br>40 എം എം മെറ്റൽ 23525.78<br>മണൽ 48729.38<br>സിമന്റ് 106408.89<br>---------------------------------<br>224190.30 | 32508 | -- | 32508 |
| 16 | പള്ളിമുക്ക് അംഗനവാടി റോഡ് നിർമാണം<br>പുഷ്പ രാജ് ടി പി<br>എം ബുക്ക് 207/16-17 | കരിങ്കല്ല് 4360.61<br>20 എം എം മെറ്റൽ 19291.4<br>10 എം എം മെറ്റൽ 561573<br>40 എം എം മെറ്റൽ 12755.93<br>മണൽ 26566.81<br>സിമന്റ് 57973.23<br>126564 | 18352 | 6286 | 12066 |
| 17 | ലക്ഷം വീട് -പൈന്തോത്ത് പള്ളിറോഡ് നിർമാണം | 20 എം എം മെറ്റൽ 35288.66<br>10 എം എം മെറ്റൽ 10237.59 | 32508 | 9547 | 22961 |

| | | | | | |
|---|---|---|---|---|---|
| | മഹേഷര കൺസ്ട്രക്ഷൻ<br>എം ബുക്ക് 215/16-17 | 40 എം എം മെറ്റൽ 23525.78<br>മണൽ 48729.38<br>സിമന്റ് 106408.89<br>-----------------------------<br>224190.3 | | | |
| | | | | | 462708 |

462708 രൂപ ഉത്തരവാദിയിൽ നിന്ന് ഈടാക്കേണ്ടതാണ്

## 3-4 ടെൻഡർ ഫോം വ്യാപക തിരുത്തലുകൾ

പ്രൊജക്റ്റ് നമ്പർ/പേര് 45/16-17,16/17-18 ബിൽ. 28/17-18

ആറങ്ങാട്ട് കൊല്ലി- മണ്ടോപ്പാറ റോഡ് പരിഷ്കരണം . തുക400000

പ്രൊജക്റ്റ് നമ്പർ/പേര് 40/16-17,15/17-18
പാറത്താഴ റോഡിന് കലുങ്ക് ബിൽ 27/17-18

തുക 198916

ഗ്രാമപഞ്ചായത്ത് 1- -12- 2016 ന് നടത്തിയ ടെണ്ടർ പ്രകാരം മേൽ 2 പ്രവർത്തികളും സി കെ അമ്മദ് അരിക്കുളം എന്ന കരാറുകാരനാണ് ഏറ്റെടുത്തത്. ടെണ്ടറിൽ 2 കരാറുകാർ വീതമാണ് ഓരോ പ്രവൃത്തിയിലും പങ്കെടുത്തത്. പങ്കെടുത്ത കരാറുകാർ ക്വാട്ട് ചെയ്ത നിരക്കും വിശദാംശവും ടെണ്ടർ രജിസ്റ്റർ പ്രകാരം താഴെ കൊടുക്കുന്നു.(പേജ് 15,18 കാണുക)

| കരാറുകാരന്റെ പേര് | ക്വാട്ട് ചെയ്ത നിരക്ക് | |
|---|---|---|
| | പ്രവൃത്തിയുടെ പേര് | പ്രവൃത്തിയുടെ പേര് |
| സി കെ അമ്മദ് | ആറങ്ങാട്ട് കൊല്ലി- മണ്ടോപ്പാറ റോഡ് പരിഷ്കരണം | പാറത്താഴ റോഡിന് കലുങ്ക് |
| | എസ്റ്റിമേറ്റ് നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് |
| പി ഹരിദാസ് കൂത്താളി | -- | 3% അധികം |
| എൻ പി കണാരൻ | 4% അധികം | -- |

ഇതിൽ കുറവ് ക്വാട്ട് ചെയ്ത സി.കെ. അമ്മദിന് രണ്ട് പ്രവൃത്തികളുടെയും കരാർ അനുവദിക്കുകയായിരുന്നു. എന്നാൽ സി.കെ. അമ്മദ് സമർപ്പിച്ച ടെൻഡർ ഫോം പരിശോധിച്ചതിൽ ഫോമിൽ ധാരാളം വെട്ടിത്തിരുത്തലുകൾ കാണുന്നു. ടെൻഡർ ഷെഡ്യൂളിലാണ് വെട്ടിത്തിരുത്തലുകൾ ഉള്ളത് .നിരക്ക് ആദ്യം ക്വോട്ട ചെയ്തത് (കുറവ് ക്വാട്ട് ചെയ്തത്) വെട്ടിത്തിരുത്തി എസ്റ്റിമേറ്റ് നിരക്ക് എന്ന്

രേഖപ്പെടുത്തിയതായി കാണുന്നു. ആദ്യം രേഖപ്പെടുത്തിയ കുറവ് നിരക്ക് താഴെക്കൊടുക്കുന്നു

ആറങ്ങാട്ട് കൊല്ലി- മണ്ടോപ്പാറ റോഡ് പരിഷ്കരണം --17.2 ശതമാനം കുറവ്

പാറത്താഴ റോഡിന് കലുങ്ക് --12.7 2 ശതമാനം കുറവ്

മേൽ കുറവ് രേഖപ്പെടുത്തലാണ് വെട്ടിത്തിരുത്തി എസ്റ്റിമേറ്റ് നിരക്ക് ആക്കിയത് .

കരാറുകാരനോട് ടെണ്ടർ അനുവദിക്കുന്നതിന് മുന്നോടിയായി നെഗോസിയേഷൻ നടത്താത്തതിനും തിരുത്തലുകൾ സാക്ഷ്യപ്പെടുത്താത്തതിനും വിശദീകരണം നൽകേണ്ടതാണ് .

## 3-5 തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായ മരാമത്ത് പ്രവൃത്തികൾക്ക് മെറ്റീരിയൽ വിതരണം ചെയ്തത്-ജി.എസ്.ടി അടവാക്കിയത് -സംബന്ധിച്ച്

2017- 18 വർഷം താഴെ കൊടുക്കുന്ന കരാറുകാർ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായ മരാമത്ത് പ്രവൃത്തികൾക്ക് മെറ്റീരിയൽ വിതരണം ചെയ്തിട്ടുണ്ട്

| ക്രമ നം | പ്രവൃത്തിയുടെ പേര്/ എം ബുക്ക് | മെറ്റീരിയൽ(ജി എസ് ടി ഉൾപെടെ)/ ലേബർ വിഹിതം | മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാരൻ | അനുവദിച്ച ജി എസ് ടി |
|---|---|---|---|---|
| 1 | നീലിക്കുന്ന് വാവോട്ടുമ്മൽ റോഡ് നിർമാണം 314/17-18 | 301827മെറ്റീരിയൽ 174071 ലേബർ | ചന്ദ്രൻ സി എച്ച് | 18199 |
| 2 | മണ്ടോപാറ ആറങ്ങാട് കൊല്ലി റോഡ് നിർമ്മാണം 309/17-18 | 399957മെറ്റീരിയൽ 84660 ലേബർ | ചന്ദ്രൻ.സി.എച്ച് | 47465 |
| 3 | പാടിക്കുന്ന് എംഎം പാറ സ്റ്റേഡിയം റീച്ച് 216/17-18 | 373968മെറ്റീരിയൽ 123010 ലേബർ | ചന്ദ്രൻ.സി.എച്ച് | 3557 |
| 4 | വൈശൻ നൂർ കുന്നത്ത് പൊയിൽ റോഡ് 304/17-18 | 232973മെറ്റീരിയൽ 57960 ലേബർ | ചന്ദ്രൻ.സി.എച്ച് | 28756 |
| 5 | ഒതയോത്ത് | 232765മെറ്റീരിയൽ | ചന്ദ്രൻ.സി.എച്ച് | 28725 |

| | | | | |
|---|---|---|---|---|
| | താഴെ-നെല്ലിയാങ്കര റോഡ് നിർമ്മാണം 288/17-18 | 59440 ലേബർ | | |
| 6 | ഇല്ലിക്കൽ എടക്കണ്ടി റോഡ് 311/17-18 | 399281മെറ്റീരിയൽ 87100 ലേബർ | ചന്ദ്രൻ.സി.എച്ച് | 49258 |
| 7 | പരവൻ ചാൽ അങ്ങനവാടി റോഡ് നിർമ്മാണം 303/17-18 | 300162മെറ്റീരിയൽ 89760 ലേബർ | കെ.അബ്ദുറഹ്മാൻ | ടിയാൻ ജി.എസ്.ടി ഉൾപ്പെടുന്ന ഇൻവോയിസ് സമർപ്പിച്ചിട്ടില്ല. വിവിധ സ്ഥാപനങ്ങളിൽ നിന്ന് സാധന സാമഗ്രികൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്(ബിനാമി ഇടപാട്) |
| 8 | ഉന്തുമ്മൽ താഴെ-വെള്ളച്ചാൽ റോഡ് 302/17-18 | 238030മെറ്റീരിയൽ 53710 ലേബർ | അബ്ദുറഹ്മാൻ കോട്ടൂർ | |
| 9 | പാടിക്കുന്ന് എംഎം പാറ സ്റ്റേഡിയം റീച്ച് നിർമ്മാണം 205/17-18 | 369751മെറ്റീരിയൽ 128819 ലേബർ | ഷാനി രാഘവൻ | 4173 മെറ്റീരിയൽ സപ്ലൈ ചെയ്ത തുകക്ക് അനുസൃതമായി ജി എസ് ടി പിടിച്ചതായി കാണുന്നില്ല |

മേൽ കരാറുകൾ ജി.എസ്.ടി അടവാക്കിയോ എന്നത് സംബന്ധിച്ച് യാതൊരു പരിശോധനയും ഗ്രാമപഞ്ചായത്ത് നടത്തിയിട്ടില്ല. കരാറുകാരൻ ജി.എസ്.ടി ടിൻ നമ്പർ ലഭിച്ചത് സംബന്ധിച്ച് വകുപ്പ് വെബ്സൈറ്റിൽ പരിശോധിച്ച് അതിന്റെ ആധികാരികത ഉറപ്പു വരുത്തേണ്ടതും പ്രസ്തുത സാധന സാമഗ്രികൾ വിതരണം ചെയ്തത് വകുപ്പിനെ അറിയിച്ചുവോയെന്നും കരാറുകാരൻ തുക കൈപ്പറ്റിയതിൽ ജി.എസ്.ടി വകുപ്പിന് അടവാക്കിയോ എന്നും പരിശോധിക്കേണ്ടതുണ്ട്. ഇതിന്റെ അഭാവത്തിൽ തുക ഒടുക്കിയത് തടസ്സം ചെയ്യുന്നു. ഇത് സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്

## 3-6 ആർജ്ജിതാവധി കണക്കാക്കിയതിലെ അപാകതകൾ

ശ്രീമതി. ബീന. കെ. കെ, ക്ലാർക്കിന്റെ സേവന പുസ്തകത്തിലെ ആർജ്ജിതാവധി അക്കൗണ്ട് പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

ജോലിയിൽ പ്രവേശിച്ച തീയതി : 06.07.2005FN, എൽ.ഡി. ക്ലാർക്ക്(സൂപ്പർ ന്യൂമററി)

(പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടില്ല)

1. മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലോ അല്ലാതെയോ ഉള്ള ശൂന്യവേതനാവധി, പ്രസവാവധി, പരിവർത്തിതാവധി, അർദ്ധവേതനാവധി ഉൾപ്പടെയുള്ള മുഴുവൻ അവധികളും ആർജ്ജിതാവധി കണക്കാക്കുന്നതിൽ പരിഗണിക്കുന്നതല്ല. എന്നാൽ ടിയാരിയുടെ 01.04.2011 മുതലുള്ള ആർജ്ജിതാവധി കണക്കാക്കിയപ്പോൾ പരിവർത്തിതാവധി, പ്രസവാവധി, എടുത്തിട്ടുള്ള ആർജ്ജിതാവധി എന്നിവ കുറവ് വരുത്താതെ മേൽ അവധി ദിവസങ്ങൾക്കും ആർജ്ജിതാവധി കണക്കാക്കി കാണുന്നു.

| സേവന കാലയളവ് | ദിവസങ്ങൾ | ആർജ്ജിതാവധി | ആകെ | EL/ ELS | ബാലൻസ് |
|---|---|---|---|---|---|
| 06.07.2005-05.07.2006 | 365 | 17<br>(16 13/22) | 17 | - | 17 |
| 06.07.2006-20.12.2006 | 168 | 15 3/11 | $32\ ^{3}/_{11}$ | ELS – 30<br>(20.12.06-18.01.07) | 2 3/11 |
| 21.12.06-31.03.08 | 467 | 42 5/11 | $44\ ^{8}/_{11}$ | ELS – 30<br>(01.04.08-30.04.08) | 14 8/11 |
| 01.04.08-31.03.09 | 365 | 33 2/11 | $47\ ^{10}/_{11}$ | ELS – 30<br>(01.04.09-30.04.09) | 17 10/11 |
| 01.04.09-31.03.2010 | 365 | 33 2/11 | $51\ ^{1}/_{11}$ | ELS – 30<br>(01.04.10-30.04.10) | 21 1/11 |
| 01.04.10-31.03.11 | 365 | 33 2/11 | $54\ ^{3}/_{11}$ | ELS -30<br>(01.04.11-30.04.11) | 24 3/11 |

തുടർന്ന് ആർജ്ജിതാവധി കണക്കാക്കിയതിൽ അപാകതയുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു

| സേവന കാലയളവ് | കണക്കാക്കേണ്ട ദിവസം | ആർജ്ജിതാവധി | ആകെ | EL/ELS | ബാലൻസ് | റിമാർക്സ് |
|---|---|---|---|---|---|---|
| 01.04.2011 - 31.03.2012 | 241<br>(366-125) | $21\ ^{10}/_{11}$ | $46\ ^{2}/_{11}$ | - | $46\ ^{2}/_{11}$ | പരിവർത്തിതാവധി-37<br>പ്രസവാവധി-88 എന്നിവ കുറവ് ചെയ്തില്ല |
| 01.04.2012-17.09.12 | 51<br>(170-119) | $4\ ^{7}/_{11}$ | $50\ ^{9}/_{11}$ | EL- 14<br>(18.09.12-01.10.12) | $36\ ^{9}/_{11}$ | ML-92, പരിവർത്തിതാവധി-27<br>എന്നിവ കുറവ് ചെയ്തില്ല |
| 02.10.12-31.03.13 | 67<br>(181-114) | $6\ ^{1}/_{11}$ | $42\ ^{10}/_{11}$ | - | $42\ ^{10}/_{11}$ | LWA-114<br>എന്നിവ കുറവ് ചെയ്തില്ല |
| 01.04.2013 -09.06.13 | 70 | $6\ ^{4}/_{11}$ | $49\ ^{3}/_{11}$ | EL- 21<br>(10.06.13-30.06.13) | $28\ ^{3}/_{11}$ | |
| 01.07.13-13.03.14 | 248<br>(256-8) | $22\ ^{6}/_{11}$ | $50\ ^{3}/_{11}$ | EL- 12<br>(14.03.14-25.03.14) | $38\ ^{3}/_{11}$ | പരിവർത്തിതാവധി- 8<br>എന്നിവ കുറവ് ചെയ്തില്ല |
| 26.03.14-31.03.14 | 5 | $^{5}/_{11}$ | $38\ ^{8}/_{11}$ | - | $38\ ^{8}/_{11}$ | |
| 01.04.14-18.04.14 | 18 | $1\ ^{7}/_{11}$ | $39\ ^{4}/_{11}$ | EL- 13<br>(19.04.14-01.05.14) | $26\ ^{4}/_{11}$ | |
| 02.05.14-15.10.14 | 164<br>(167-3) | $14\ ^{10}/_{11}$ | $41\ ^{3}/_{11}$ | EL- 25<br>(16.10.14-09.11.14) | $16\ ^{3}/_{11}$ | പരിവർത്തിതാവധി- 3<br>എന്നിവ കുറവ് ചെയ്തില്ല |
| 10.11.14 | 1 | $^{1}/_{11}$ | $16\ ^{4}/_{11}$ | EL- 20 | ഇല്ല | 4 ലീവ് അധികമായി |

| | | | | | | |
|---|---|---|---|---|---|---|
| | | | | (11.11.14-30.11.14) | | എടുത്തു.<br>എന്നിവ കുറവ് ചെയ്തില്ല |
| 01.12.14-31.03.15 | 120<br>(121-1) | $10\ {}^{10}/_{11}$ | $10\ {}^{10}/_{11}$ | - | $10\ {}^{10}/_{11}$ | Dies non 1<br>എന്നിവ കുറവ് ചെയ്തില്ല |
| 01.04.15-04.11.15 | 218 | $19\ {}^{9}/_{11}$ | $30\ {}^{8}/_{11}$ | EL- 17<br>(05.11.15-21.11.15) | $13\ {}^{8}/_{11}$ | |
| 22.11.15-31.03.16 | 130<br>(131-1) | $11\ {}^{9}/_{11}$ | $25\ {}^{6}/_{11}$ | ELS- 30<br>(01.04.16-30.04.16) | ഇല്ല | (Dies non 1)<br>5 ദിവസത്തെ ലീവ് അധികം സറണ്ടർ ചെയ്തു |
| 01.04.16-31.03.17 | 365 | $33\ {}^{2}/_{11}$ | $33\ {}^{2}/_{11}$ | ELS- 30<br>(01.04.17-30.04.17) | $3\ {}^{2}/_{11}$ | |
| 01.04.17-31.03.2018 | 358<br>(365-7) | $32\ {}^{6}/_{11}$ | $35\ {}^{8}/_{11}$ | ELS-30<br>(01.04.17-30.04.18) | $5\ {}^{8}/_{11}$ | പരിവർത്തിതാവധി-7<br>എന്നിവ കുറവ് ചെയ്തില്ല |

ഇത്തരത്തിൽ ആർജ്ജിതാവധി കണക്കാക്കുമ്പോൾ 10.11.2014 ൽ ടിയാരിയുടെ അക്കൗണ്ടിൽ $16\ {}^{4}/_{11}$ ലീവ് മാത്രം ശേഷിക്കുമ്പോഴാണ് 11.11.2014 മുതൽ 30.11.2014 വരെ 20 ലീവ് അനുവദിച്ചത്. അക്കൗണ്ടിൽ ഇല്ലാത്ത 4 ലീവ് കൂടുതലായി അനുവദിച്ചത് കൂടാതെ, 31.03.2016 ൽ 25 ${}^{6}/_{11}$ ലീവ് ഉള്ളപ്പോൾ 30 ലീവ് സറണ്ടർ ചെയ്തിട്ടുണ്ട് (5 ദിവസത്തെ ലീവ് അധികം സറണ്ടർ ചെയ്തു. )

3. സർവ്വീസിൽ പ്രവേശിച്ച് 3 വർഷം പൂർത്തിയാവുമ്പോൾ ആദ്യവർഷം 22 ന് ഒന്ന് എന്ന നിരക്കിൽ കണക്കാക്കി നൽകിയതും 11 ന് ഒന്ന് എന്ന നിരക്കിലാക്കി മുൻകാല പ്രാബല്യത്തോടെ ലീവ് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യും. എന്നാൽ അത്തരത്തിൽ 11 ന് ഒന്ന് എന്ന നിരക്കിൽ കണക്കാക്കി രേഖപ്പെടുത്തിയിട്ടില്ല.

4. ടിയാരി 114 ദിവസത്തെ LWA എടുത്തിട്ടുണ്ടെങ്കിലും (03.10.2012-31.12.2012(90), 01.01.2013-15.01.2013(15), 16.01.2013-23.01.2013(9)) ആയത് Leave Without Allowance അക്കൗണ്ടിൽ രേഖപ്പെടുത്തിയിട്ടില്ല.

ലീവ് അക്കൗണ്ട് ക്രമവൽക്കരിച്ച് അധികമായി എടുത്ത ആർജ്ജിതാവധി ക്രമീകരിക്കേണ്ടതും തുക തിരിച്ചു പിടിക്കേണ്ടതുമാണ്. കൂടാതെ, അധികം നൽകിയ സറണ്ടർ തുകയും തിരികെ ഈടാക്കേണ്ടതുമാണ്.

## 3-7 തുറസ്സായ കുടിവെള്ള കിണർ ശുചിത്വ കിണറാക്കി മാറ്റൽ- സർക്കാർ ജീവനക്കാരൻ ഉൾപ്പെട്ട കുടുംബത്തിന് ധനസഹായം വിതരണം ചെയ്തു

പ്രോജക്റ്റ് നമ്പർ - 58/18

നിർവഹണം – വി.ഇ.ഒ

വകയിരുത്തിയ തുക – 1830000

ചെലവുതുക 1050000

മേൽ പ്രോജക്റ്റ് പ്രകാരം175 പേർക്ക് കിണർ ശുചിത്വകിണറാക്കിമാറ്റാൻ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. അഞ്ചാം വാർഡിലെ ഗുണഭോക്താവായ അരിയൻ ചേക്കുന്നുമ്മൽ എന്ന ഗുണഭോക്താവിന്റെ റേഷൻ കാർഡ്

പരിശോധിച്ചതിൽ മകൻ ഷിജിത്ത്കുമാർ സംസ്ഥാന സർക്കാർ ജീവനക്കാരനാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.സർക്കാർ ജീവനക്കാർ ഉൾപ്പെട്ട കുടുംബത്തിന് ഇത്തരം ആനുകൂല്യത്തിന് അർഹതയില്ല. അനർഹരായ ഗുണഭോക്താവിന് ആനുകൂല്യം വിതരണം ചെയ്യാനുണ്ടായ കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രൊജക്ട് മോണിട്ടർ ചെയ്യേണ്ട ദാരിദ്ര ലഘൂകരണം വർക്കിംഗ് ഗ്രൂപ്പിലോ മേൽനോട്ട ചുമതലയുള്ള വികസന കാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിലോ അനർഹനായ ഗുണഭോക്താവിന് ആനുകൂല്യം നൽകിയത് കണ്ടെത്തിയതായോ തുടർനിർദ്ദേശം നൽകിയതായോ കാണുന്നില്ല. സബ്സിഡി തുക 6000/- രൂപ ഈടാക്കേണ്ടതാണ്.

## 3-8 മൃഗ സംരക്ഷണ മേഖലയിൽ നടപ്പിലാക്കിയ പ്രൊജക്റ്റുകൾ ലക്ഷ്യം കൈവരിച്ചില്ല

വെറ്ററിനറി സർജൻ നിർവഹണോദ്യോഗസ്ഥനായി മൃഗസംരക്ഷണ മേഖലയിൽ നടപ്പിലാക്കിയ പ്രോജക്ടുകളിൽ പ്രധാനപ്പെട്ട 3 പ്രൊജക്ടുകളും ലക്ഷ്യം കൈവരിച്ചതായി കാണുന്നില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് നം പേര്/ തുക | വകയിരുത്തിയ തുക | ചെലവഴിച്ച തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 32/18 പെണ്ണാട് വിതരണം | 174000(29 പേർക്ക് 6000 രൂപ വീതം 2 ആടുകൾക്ക് ഗുണഭോക്തൃ വിഹിതം ഒഴികെ) | 138000(23 പേർക്ക് വിതരണം ചെയ്തു) | ഗുണഭോക്തൃ ലിസ്റ്റിൽ മൊത്തം 587 പേർ (29 പേർക്ക് വകയിരുത്തിയതിൽ 23 പേർക്ക് മാത്രം നൽകി) |
| 2 | 30/18 കിടാരി വിതരണം | 232000(29 പേർക്ക് ഗുണഭോക്തൃ വിഹിതം ഒഴികെ) | 152000(19 പേർക്ക് വിതരണം ചെയ്തു) | ഗുണഭോക്തൃ ലിസ്റ്റിൽ മൊത്തം 461 പേർ (29 പേർക്ക് വകയിരുത്തിയതിൽ 19 പേർക്ക് മാത്രം നൽകി) |
| 3 | 37/18 കോഴി വിതരണം എസ് സി വനിത | 79875(213 പേർക്ക് പത്ത് കോഴികളെ വീതം ഗുണഭോക്തൃ വിഹിതം ഒഴികെ) | 42750(114 പേർക്ക് വിതരണം ചെയ്തു) | (213 പേർക്ക് വകയിരുത്തിയതിൽ 114 പേർക്ക് മാത്രം നൽകി) |

ആവശ്യത്തിന് ഗുണഭോക്താക്കൾ ലഭ്യമായിരുന്നിട്ടും മുഴുവൻ പേർക്കും ആനുകൂല്യം ലഭ്യമാക്കാതിരുന്നതിന് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.പ്രൊജക്ട് നിർവഹണ വേളയിൽ വകയിരുത്തിയ തുക മുഴുവൻ വിതരണം ചെയ്യാൻ കഴിയാത്തതിനുള്ള കാരണം നിർവഹണ ഉദ്യോഗസ്ഥൻ ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽ പെടുത്തി കാണുന്നില്ല. പ്രൊജക്ടിന്റെ മോണിട്ടറിംഗ് ചുമതലയുള്ള മൃഗ സംരക്ഷണവും ക്ഷീരവികസനവും വർക്കിംഗ് ഗ്രൂപ്പ് മേൽനോട്ട ചുമതലയുള്ള വികസന കാര്യ സ്റ്റാന്റിംഗ് കമ്മറ്റി എന്നിവർ വിഭാവനം ചെയ്ത മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യം വിതരണം ചെയ്തു എന്ന് ഉറപ്പുവരുത്തുന്ന തരത്തിലുള്ള നടപടികൾ കൈകൊണ്ടതായും കാണുന്നില്ല. അപാകതക്ക് കാരണം വിശദമാക്കേണ്ടതാണ്.

## 3-9 ഹെഡ് മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

(i). S.Cവിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്.

പ്രോജക്ട് നമ്പർ – 2/18

വകയിരുത്തിയ തുക – 390000

ചെലവുതുക – 388570 (ബിൽ നമ്പർ 14/17-18 തി24-3-18)

(എ). 13 വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം ചെയ്തിട്ടുണ്ട്. ലാപ് ടോപ്പ് കൈപറ്റിയ വിദ്യാർത്ഥികളിൽ ഭൂരിഭാഗവും 2017-18 സാമ്പത്തിക വർഷത്തിൽ അവസാന വർഷ ബിരുദ വിദ്യാർത്ഥികളാണ്.2018 മാർച്ച് മാസത്തിൽ ലാപ് ടോപ്പ് വിതരണം ചെയ്യുന്ന സമയത്ത് കോഴ്സ് കാലാവധി കഴിയുന്നതിനാൽ വിദ്യാർത്ഥികൾ തുടർ പഠനത്തിൽ ഏർപ്പെടാത്തപക്ഷം വിതരണം ചെയ്ത ലാപ് ടോപ്പുകൾ വിദ്യാർത്ഥികൾക്ക് പഠനകാര്യത്തിൽ ഉപയോഗ പ്രദമല്ലാതെ വരും.

(ബി). <u>കോഴ്സ് പൂർത്തീകരിച്ച് സ്ഥാപനത്തിൽ ജോലിചെയ്തുവരുന്ന ആൾക്ക് ലാപ് ടോപ്പ് വിതരണം ചെയ്തു.-</u>

ആനുകൂല്യം കൈപറ്റിയ ഗുണഭോക്താക്കളിൽ ഒരാളായ അഞ്ജന ബാലകൃഷ്ണൻ അരിക്കാം പൊയിൽ, കായണ്ണ ബസാർ po എന്ന ഗുണഭോക്താവ് ഗവ. മെഡിക്കൽ കോളേജ് തിരുവനന്ത പുരത്ത് 2014 നവംമ്പർമുതൽ 2016 നവംമ്പർ വരെ D.R.T.കോഴ്സിന് പഠിക്കുകയും കോഴ്സിന്റെ ഭാഗമായുള്ള റേഡിയോഗ്രാഫർ ട്രെയിനിംഗ് 5/7/17 ന് ആരംഭിച്ച് 4.2.18ന് അവസാനിക്കുകയും ചെയ്തതായി സ്ഥാപനത്തിൽ നിന്നും ലഭ്യമായ സർട്ടിഫിക്കറ്റ് പ്രകാരം കാണുന്നു .(സർട്ടിഫിക്കറ്റ് തിയ്യതി8-5-18 ) ഇപ്പോൾ കോഴ്സിന്റെ ഭാഗമല്ലാതെ സ്റ്റൈപ്പന്റോടുകൂടി റേഡിയോഗ്രാഫറായി ജോലിചെയ്തുവരുന്ന ആൾക്കാണ് ലാപ് ടോപ്പ് വിതരണം ചെയ്തിട്ടുള്ളത്.
ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ യഥാർത്ഥ ഗുണഭോക്താക്കൾക്ക് തന്നെ ആനുകൂല്യം ലഭിക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് , മേൽനോട്ട ചുമതലയുള്ള ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി എന്നിവ തങ്ങളുടെ ഉത്തരവാദിത്വം ശരിയായ രീതിയിൽ വിനിയോഗിക്കേണ്ടതുമാണ്.

(ii). <u>പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ</u>

പ്രോജക്ടു നമ്പർ 3/18

ചെലവുതുക 277735(ബിൽ നമ്പർ2/17-18തി24-2-18)

55 വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കളിൽ വാർഡ് 9 ലെ അഭിനന്ദ് പാറത്തലക്കൽ, വാർഡ് 10 ലെ ഡെൽജി നെല്ലിക്കുന്നേൽ എന്നീ ഗുണഭോക്താക്കൾ വിദ്യാർത്ഥികളാണെന്ന് തെളിയിക്കുന്ന സ്കൂൾ അധികൃതരുടെ സർട്ടിഫിക്കറ്റ് ഹാജരാക്കാതെയാണ് സൈക്കിൾ വിതരണം ചെയ്തിരിക്കുന്നത്. ഗുണഭോക്താക്കൾ യഥാർത്ഥ ഗുണഭോക്താക്കളാണെന്ന് തെളിയിക്കുന്ന രേഖകൾ നിർവഹണ ഉദ്യോഗസ്ഥൻ വാങ്ങി സൂക്ഷിച്ചതായി കാണുന്നില്ല. പ്രൊജക്ട് മോണിട്ടർ ചെയ്യേണ്ട വിദ്യാഭ്യാസം, സംസ്കാരം, കല, വർക്കിംഗ് ഗ്രൂപ്പ്, മേൽനോട്ടചുമതലയുള്ള സ്റ്റാന്റിംഗ് കമ്മറ്റി എന്നിവരുടെ ശ്രദ്ധയിൽ മേൽ അപാകതകൾ കൊണ്ടു വരുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-10 ക്ഷീര കർഷകർ അളക്കുന്ന പാലിന് ഇൻസന്റിവ് - ക്ഷീരസംഘങ്ങൾക്ക് കൈമാറിയ തുക പൂർണമായും വിനിയോഗിച്ചില്ല.

പ്രൊജക്ട് നമ്പർ – 39/18

വകയിരുത്തിയ തുക – 58/18

വകയിരുത്തിയ തുക – 1300000

ചെലവുതുക – 1300000

നിർവഹണം – ഡയറി ഫാം ഇൻസ്ട്രക്ടർ

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ക്ഷീരോത്പാദക സഹകരണ സംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീര കർഷകർഷകർക്ക് ഇൻസന്റീവ് ഇനത്തിൽ 13 ലക്ഷം രൂപ നിർവഹണ ഉദ്യോഗസ്ഥൻ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 4 ക്ഷീരസംഘങ്ങൾക്ക് ചുവടെ ചേർത്തിരിക്കുന്ന പ്രകാരം കൈമാറിയിട്ടുണ്ട്. എന്നാൽ

സംഘങ്ങൾക്ക് കൈമാറിയ തുക പൂർണമായും ക്ഷീരോത്പാദകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് കൈമാറിയതായി കാണുന്നില്ല. വിശദ വിവരം താഴെക്കൊടുക്കുന്നു

| സംഘത്തിന്റെ പേര് | കൈമാറിയ തുക | വിതരണം ചെയ്ത തുക | അവശേഷിക്കുന്ന തുക |
|---|---|---|---|
| കുറ്റി വയൽ | 625459 | 602853 | 22606 |
| കരികണ്ടൻ പാറ | 166942 | 162386 | 4556 |
| കായണ്ണ ബസാർ | 462402 | 462402 | -- |
| നന്ദിനി | 45197 | ലഭ്യമല്ല | -- |
| | 1300000 | 1227641 | 27162 |

കുറ്റിവയൽ ക്ഷീരോല്പാദക സഹകരണസംഘം, കരികണ്ടൻപാറ ക്ഷീരോല്പാദക സഹകരണസംഘംഎന്നീ സംഘങ്ങൾ കൈപ്പറ്റിയ അധികതുക തിരികെ ഈടാക്കാൻ നടപടികൾ കൈകൊള്ളുന്നതിനും നന്ദിനി ക്ഷീരോല്പാദക സഹകരണസംഘത്തിന് നൽകിയ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കുന്നതിനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രൊജക്ട് മോണിട്ടർ ചെയ്യേണ്ട മൃഗസംരക്ഷണവും ക്ഷീരവികസനവും വർക്കിംഗ് ഗ്രൂപ്പിലോ, മേൽനോട്ട ചുമതലയുള്ള വികസന കാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിലോ തുക വിതരണം ചെയ്യാതെ അവശേഷിക്കുന്നത് ശ്രദ്ധയിൽപ്പെട്ടു കാണുന്നില്ല. അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാതെ അവശേഷിക്കുന്നുണ്ടെങ്കിൽ ആയത് വിതരണം ചെയ്യുന്നതിനും അവശേഷിക്കുന്ന തുക ഗ്രാമപഞ്ചായത്തിൽ ഈടാക്കുന്നതിനും വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-11 ശമ്പള പരിഷ്കരണ കുടിശ്ശിക – ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല

സ. ഉ (പി)7/2016/ഫിൻ തീ. 20.01.2016 പ്രകാരം ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും, 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി അനുവദിച്ചും ഉത്തരവായിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം ഗ്രാമ പഞ്ചായത്ത് ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുകയും 2017-18 സാമ്പത്തികവർഷത്തിൽ ജീവനക്കാരുടെ ശമ്പളകുടിശ്ശികയുടെ 1, 2 ഗഡുക്കൾ ചുവടെ ചേർത്തിരിക്കുന്ന പ്രകാരം പ്രൊവിഡന്റ് ഫണ്ടിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്.

| ഗഡു | വൗച്ചർ നം, തീയതി | തുക |
|---|---|---|
| I | 21700397/27.09.2017 | 1,01,523 |
| | 21700398/27.09.2017 | 39,262 |
| II | 21700751/22.01.2018 | 31,570 |
| | 21700752/22.01.2018 | 81,946 |
| | 21700749/20.01.2018 | 84,100 |

മേൽ ഉത്തരവിലെ ഖണ്ഡിക 48 പ്രകാരം ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് പുതുക്കിയ ശമ്പള നിരക്കിലുള്ള പെൻഷൻ കോൺട്രിബ്യൂഷൻ കുടിശ്ശിക അടവാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ 1, 2 ഗഡുക്കൾ അടവാക്കിയ ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ 2017-18 വർഷത്തിൽ അടവാക്കിയതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പേര് , തസ്തിക | ശമ്പള പരിഷ്കരണത്തിന് ശേഷമുള്ള തുക | | ശമ്പള പരിഷ്കരണത്തിന് മുമ്പുള്ള തുക | | വ്യത്യാസം |
|---|---|---|---|---|---|
| ശ്രീ. സത്യൻ. പി അക്കൗണ്ടന്റ് | 31500 x1x15/100 (07/14) | 4725 | 15380x1x15/100 (07/14) | 2307 | 2418 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| | 32300x12x15/100 (08/14-07/15) | 58140 | 15780x12x15/100 (08/14-07/15) | 28404 | 29736 |
| | 33100x6x15/100 (08/15-01/16) | 29790 | 16180x6x15/100 (08/15-01/16) | 14562 | 15228 |
| ശ്രീ. ശ്രീജിത്ത്. സി.കെ, ക്ലാർക്ക് | 21650x4x15/100 (07/14-10/14) | 12990 | 10750x4x15/100 (07/14-10/14) | 6450 | 6540 |
| | 22833x1x15/100 (11/14) | 3425 | 11570x1x15/100 (11/14) | 1736 | 1689 |
| | 25200x11x15/100 (12/14-10/15) | 41580 | 13210x11x15/100 (12/14-10/15) | 21797 | 19783 |
| | 25850x3x15/100 (11/15-01/16) | 11633 | 13540x3x15/100 (11/15-01/16) | 6093 | 5540 |
| ശ്രീമതി. നിർമ്മല അഗസ്റ്റിൻ, ഹെഡ് ക്ലാർക്ക് | 32300x3x15/100 (07/14-09/14) | 14535 | 15780x3x15/100 (07/14-09/14) | 7101 | 7434 |
| | 33100x12x15/100 (10/14-09/15) | 59580 | 16180x12x15/100 (10/14-09/15) | 29124 | 30456 |
| | 33900x4x15/100 (10/15-01/16) | 20340 | 16580x4x15/100 (10/15-01/16) | 9948 | 10392 |
| ശ്രീ. സുനിൽകുമാർ. പി.ടി, അസി. സെക്രട്ടറി | 39500x7x15/100 (07/14-01/15) | 41475 | 19740x7x15/100 (07/14-01/15) | 20727 | 20748 |
| | 40500x12x15/100 (02/15-01/16) | 72900 | 20240x12x15/100 (02/15-01/16) | 36432 | 36468 |
| ശ്രീമതി. സുനിത. ടി. സി, ക്ലാർക്ക് | 26500x1x15/100 (07/14) | 3975 | 13210x1x15/100 (07/14) | 1982 | 1993 |
| | 27150x12x15/100 (08/14-07/15) | 48870 | 13540x12x15/100 (08/14-07/15) | 24372 | 24498 |
| | 27800x6x15/100 (08/15-01/16) | 25020 | 13900x6x15/100 (08/15-01/16) | 12510 | 12510 |
| ശ്രീമതി. മഞ്ജുള. എൻ, ക്ലാർക്ക് | 20550x8x15/100 (07/14-02/15) | 24660 | 10210x8x15/100 (07/14-02/15) | 12252 | 12408 |
| | 21100x11x15/100 (03/15-01/16) | 34815 | 10480x11x15/100 (03/15-01/16) | 17292 | 17523 |
| ശ്രീ. രവീന്ദ്രൻ. കെ. ആർ, ഓഫീസ് അറ്റൻഡന്റ് | 41500x12x15/100 (07/14-06/15) | 74700 | 19620x12x15/100 (07/14-06/15) | 35316 | 39384 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| | 42500x7x15/100<br>(07/15-01/16) | 44625 | 19620x7x15/100<br>(07/15-01/16) | 20601 | 24024 |
| | | | | | 318772 |

അധികരിച്ച ശമ്പളത്തെതുടർന്നുള്ള പെൻഷൻവിഹിതം ഒടുക്കുന്നതിലേക്ക് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി വേണ്ട വിശദാംശങ്ങൾ നൽകേണ്ടതാണ്. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി 01.04.2013 ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ചതും, മേൽകാലയളവിൽ ശമ്പള പരിഷ്കരണ കുടിശ്ശികയുടെ 1,2 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കപ്പെട്ടതുമായ എല്ലാ ജീവനക്കാരുടെയും പെൻഷൻ കോൺട്രിബ്യൂഷൻ കുടിശ്ശിക തുക അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

# 3-12 കേരള വാട്ടർ അതോറിറ്റി വെള്ളക്കരമടക്കൽ- പ്രവർത്തനക്ഷമമായ ടാപ്പുകളുടെ വിവരം ലഭ്യമല്ല.

പ്രൊജക്റ്റ് നം - 14/18

വകയിരുത്തിയ തുക – 357000

ചെലവ് തുക – 357000

ഗ്രാമപഞ്ചായത്തിൽ 68 പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ പ്രതിമാസം 29750 വീതം ആകെ 357000 രൂപ 2017-18 വർഷം കേരള വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്. സ്ഥാപനത്തിൽ സൂക്ഷിച്ച സ്ട്രീറ്റ് ടാപ്പുകളുടെ രജിസ്റ്റർ പരിശോധിച്ചതിൽ 54 പൊതു ടാപ്പുകൾ മാത്രമാണ് 13 വാർഡുകളിലായി പഞ്ചായത്തിൽ നിലവിലുള്ളതായി രേഖപ്പെടുത്തിയിട്ടുള്ളത്. സ്ട്രീറ്റ് ടാപ്പുകളുടെ കൃത്യത ഉറപ്പ് വരുത്തുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിച്ചതായി കാണുന്നില്ല. 54 ടാപ്പുകൾക്ക് വെള്ളക്കരമടവാക്കുന്നതിനു പകരം 68 ടാപ്പുകൾക്ക് കരമടവാക്കാനുണ്ടായ കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിവെള്ളം, ശുചിത്വം വർക്കിംഗ് ഗ്രൂപ്പ്, മേൽനോട്ടച്ചുമതലയുള്ള ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി എന്നിവർ കുടിവെള്ള ടാപ്പുകളുടെ കൃത്യത സംബന്ധിച്ച പരിശോധനകൾ നടത്താനാവശ്യമായ നടപടികൾ കൈകൊണ്ടതായി കാണുന്നില്ല. പഞ്ചായത്ത് ഫണ്ടിൽനിന്നും നേരിട്ടുള്ള ചെലവ് പ്രവർത്തനക്ഷമമായ ടാപ്പുകൾക്ക് മാത്രമായി നിജപ്പെടുത്തുന്നതിനായി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്താൻ നടപടി സ്വീകരിച്ചതായി കാണുന്നില്ല. സ്ട്രീറ്റ് ടാപ്പുകളുടെ കൃത്യത ഉറപ്പു വരുത്തുന്നതിനാവശ്യമായ നടപടികൾ വാട്ടർ അതോറിറ്റിയുമായി ചേർന്ന് നടപ്പിലാക്കേണ്ടതും ആയത് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 3-13 ഡെപ്പോസിറ്റ് വർക്കുകൾക്ക്-ആവശ്യമായ രേഖകൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മുഖേന ചുവടെ ചേർത്തിരിക്കുന്ന പ്രവൃത്തികൾക്കായി 2 ലക്ഷം രൂപ കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

| ക്രമ നം | പ്രൊജക്റ്റ് നം<br>പേര്/ തുക | ഡെപ്പോസിറ്റ് ചെയ്ത സ്ഥാപനം | റിമാർക്സ് |
|---|---|---|---|
| 1 | 25/18<br>കോരമംഗലം കുന്ന് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ-100000<br>(ബിൽ നം 7094<br>തീയതി-26/03/2018 | കേരള വാട്ടർ അതോറിറ്റി | പദ്ധതിയുടെ എസ്റ്റിമേറ്റ്,കരാറുടമ്പടി,വിനിയോഗ സാക്ഷ്യ പത്രം എന്നിവ ലഭ്യമല്ല |

| | | | |
|---|---|---|---|
| 2 | വെള്ളപ്പാലൻ കണ്ടി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ-100000<br>(ബിൽ നം 7086<br>തീയതി-26/08/2018 | കേരള വാട്ടർ അതോറിറ്റി | പദ്ധതിയുടെ എസ്റ്റിമേറ്റ്,കരാറുടമ്പടി,വിനിയോഗ സാക്ഷ്യ പത്രം എന്നിവ ലഭ്യമല്ല |

ആവശ്യമായ രേഖകൾ തയ്യാറാക്കാതെ തുക ഡെപ്പോസിറ്റ് ചെയ്തതിനുള്ള കാരണവും പ്രവൃത്തി പൂർത്തിയാക്കിയതിന്റെ സാക്ഷ്യ പത്രവും ഓഡിറ്റിനായി ഹാജരാക്കാനുമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിവെള്ളം, ശുചിത്വം, വർക്കിംഗ് ഗ്രൂപ്പ്,മേൽനോട്ട ചുമതലയുള്ള ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റി എന്നിവയുടെ പരിഗണനയിൽ ഇക്കാര്യം വന്നതായി കാണുന്നില്ല. പ്രവൃത്തിയുടെ ഇപ്പോഴത്തെ അവസ്ഥ അറിയിക്കേണ്ടതും, പ്രവൃത്തി പൂർത്തീകരിക്കുന്നപക്ഷം വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുമാണ്.

## 3-14 പ്രത്യേക കന്ന് കൂട്ടി പരിപാലന പദ്ധതി- വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല

പ്രൊജക്റ്റ് നം -5/18

വകയിരുത്തിയ തുക- 625000
( വികസന ഫണ്ട് 312500

(ഗുണ. വിഹിതം 312500

625000

ചെലവ് തുക 312500(ബിൽ നം 981/22/03/18)

മേൽ ബിൽ പ്രകാരം തുക പിൻ വലിച്ച് അസി. ഡയറക്ടർ, കോഴിക്കോടിന് കന്നുകുട്ടി പരിപാലന പദ്ധതിക്കായി അടവാക്കിയിട്ടുണ്ട് . തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. മാത്രമല്ല പദ്ധതിക്കായി ലഭിക്കേണ്ട സംസ്ഥാന വിഹിതം ലഭ്യമാക്കുകയോ പ്രൊജക്റ്റിൽ ഈ ഇനത്തിൽ തുക വകയിരുത്തുകയോ ചെയ്തിട്ടില്ല. കന്നുകുട്ടി പരിപാലന പദ്ധതിക്ക് ലഭ്യമാക്കേണ്ട സംസ്ഥാനവിഹിതം ലഭ്യമാവാത്തതിന് കാരണം വിശദമാക്കേണ്ടതും അടവാക്കിയ തുകയുടെ വിനിയോഗ വിവരം പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്. ചെലവുതുക തടസ്സത്തിൽ വെക്കുന്നു.

## 3-15 വാഹന ഉപയോഗവും പരിപാലനവും – അപാകതകൾ

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനത്തിന്റെ ഉപയോഗം, സംരക്ഷണം, നിയന്ത്രണം എന്നിവ കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറിയുടെ ചുമതലയാണ്. വാഹനത്തിന്റെ ലോഗ്ബുക്ക് പരിശോധിച്ചതിൽ ചുവടെ ചേർത്ത അപാകതകൾ ശ്രദ്ധയിൽ പെടുകയുണ്ടായി.

1. ജി.ഒ.(എം.എസ് )170/07/ത.സ്വ.ഭ.വ/30.6.2007 പ്രകാരം വാഹനത്തിന്റെ ഇന്ധനക്ഷമതാ പരിശോധന ആറു മാസത്തിലൊരിക്കൽ സർക്കാരിന്റെ മോട്ടോർ വാഹന വകുപ്പിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് നടത്തിക്കേണ്ടതും ഇന്ധനക്ഷമതാ സർട്ടിഫിക്കററ് ലോഗ് ബുക്കിൽ പതിക്കേണ്ടതുമാണ്. എന്നാൽ ഓഡിറ്റ് വർഷത്തിൽ മേൽ പരിശോധന നടത്തുകയോ സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിക്കുകയോ ചെയ്തിട്ടില്ല
2. ഓരോ മാസത്തെയും ഇന്ധന ഉപയോഗത്തെ സംബന്ധിച്ചും യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്ത കുറിപ്പ് ലോഗ്ബുക്കിൽ ഓരോ മാസത്തിന്റെയും അവസാനത്തെ ദിവസം തന്നെ രേഖപ്പെടുത്തേണ്ടതാണെങ്കിലും 2017-18 ൽ മാസാന്ത്യ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.

വാഹന ഉപയോഗം, നിയന്ത്രണം എന്നിവയ്ക്കായി സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് കസ്റ്റോഡിയൻ ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്.

## 3-16 S.S.A.വിനിയോഗ വിവരം ലഭ്യമായില്ല

പ്രൊജക്ട് നമ്പർ -38/18

വകയിരുത്തിയ തുക – 300000(ബിൽ നമ്പർ 1/17-18തി.18.8.17)

ഹെഡ് മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥനായി മേൽ പദ്ധതിക്കായി 300000 രൂപ ബിൽനമ്പർ1/17-18 തിയ്യതി 18-8-17 പ്രകാരം പിൻവലിച്ച് ജില്ലാ പ്രൊജക്ട് ഓഫീസർ S.S.A.കോഴിക്കോടിന് അടവാക്കിയിട്ടുണ്ട്. എന്നാൽ അടവാക്കിയ തുകയുടെ വിനിയോഗ വിവരം ലഭ്യമായിട്ടില്ല. വിനിയോഗ വിവരത്തിന്റെ അഭാവത്തിൽ ചെലവുതുക തടസ്സത്തിൽ വെക്കുന്നു.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 297500 | നെൽകൃഷി വികസന പദ്ധതി | 204000 | 93500 |
| | | 50,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 50000 | - |
| | | 7,00,000 | ക്ഷീരകർഷകർക്ക് പാൽ ഇൻസെന്റീവ് | 7,00,000 | - |
| ജില്ലാ പഞ്ചായത്ത് | 2017-18 | 4,00,000 | ക്ഷീരകർഷകർക്ക് പാൽ ഇൻസെന്റീവ് | 4,00,000 | - |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 25/17-18<br>കോരമംഗലം കുന്ന് പൈപ്പ് ലൈൻ നീട്ടൽ<br>(ബിൽ നം.7094/26.3.18) | | 100000 | - | 100000 |
| | 26/17-18<br>വെള്ളപ്പാലൻ കണ്ടി പൈപ്പ് ലൈൻ നീട്ടൽ<br>(ബിൽ നം.7086/26.8.18) | | 100000 | | 100000 |
| കെ.എസ്.ഇ.ബി | 143/17-18<br>കായണ്ണ ഗ്രാമ പഞ്ചായത്തിലെ | | 480000 | | 480000 |

| | | | | | |
|---|---|---|---|---|---|
| | തെരുവ് വിളക്കുകൾക്ക് സ്ട്രീറ്റ് മെയിൻ വലിക്കൽ | | | | |

പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

# 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | 207/09/തസ്വഭവ തീ. 07.11.2009 | 8775000 | 2182170 | 632002 | | 1550168 |

# 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10000 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 10000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10000 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ഇ.എം.എസ് ഹോസ്പിറ്റൽ ഷെയർ | 09.09.2014 | | 10000 | |
| ആകെ | | | | 10000 | |

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

# 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-02 | ലഭ്യമല്ല | 2004-05 (പൊതുപരാമർശം) | 11.1.3.20 | നികുതി പിരിവിൽ അലംഭാവം | |

# 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) <u>സംക്ഷിപ്ത വിവരം</u>

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 59534962 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 60322881 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6,12,500 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെ പേരും | അപാകത പരിഹരിക്കേണ്ട |
|---|---|---|---|

| നമ്പർ | | ഉദ്യോഗപ്പേരും | ഉദ്യോഗസ്ഥൻ |
|---|---|---|---|
| 3-14 | 3,12,500 | ഡോ. മുഹമ്മദ് നവാസ്, വെറ്ററിനറി സർജൻ | ശ്രീ. ഷാജി. എം. സ്റ്റീഫൻ, സെക്രട്ടറി |
| 3-16 | 3,00,000 | ശ്രീ. രാജൻ. ടി, ഹെഡ് മാസ്റ്റർ | |
| | 6,12,500 | | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 3-3 | 4,62,708 |

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

3-1

(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. മുഹമ്മദ് നവാസ്, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, കായണ്ണ വെറ്ററിനറി ഡിസ്പൻസറി | മൂത്താറമ്മൽ, ആന്ത്രോത്ത് ദ്വീപ്, ആന്ത്രോത്ത് പി.ഒ, ലക്ഷദ്വീപ് - 682551 |
| ശ്രീ. രാജൻ. ടി, ഹെഡ് മാസ്റ്റർ | ലഭ്യമല്ല. | തയ്യുള്ളതിൽ, കൽപ്പത്തൂർ പി.ഒ, 673524 |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2000-01 | കെ.എസ്.എ.കെ.കെ.ഡി. പി4/775/18 തീ. 20..02.2018 | 1 | 2-1 |
| 2000-01 (പദ്ധതി ചെലവ്) | കെ.എസ്.എ.കെ.കെ.ഡി. പി4/775/18(1) തീ. 20..02.2018 | 1 | 2 |
| 2001-02 | കെ.എസ്.എ.കെ.കെ.ഡി. പി4/775/18(2) തീ. 20..02.2018 | 2 | 3-5, 4-1 |

| | | | |
|---|---|---|---|
| 2003-04 | കെ.എസ്.എ.കെ.കെ.ഡി. പി4/775/18(4) തീ. 20..02.2018 | 1 | 3-6 |
| 2004-05 | കെ.എസ്.എ.കെ.കെ.ഡി. പി4/775/18(5) തീ. 20..02.2018 | 2 | 3-5, 3-6 |
| 2005-06 | കെ.എസ്.എ.കെ.കെ.ഡി. പി4/775/18(6) തീ. 20..02.2018 | 4 | 2-2, 2-3, 3-6, 3-7 |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി. പി4/775/18(7) തീ. 20..02.2018 | 3 | 2-4, 3-3, 3-6 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി. പി4/775/18(8) തീ. 20..02.2018 | 3 | 3-1,3-2, 3-5, 3-6 |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി. പി4/775/18(9) തീ. 20..02.2018 | 3 | 3-1, 3-2, 3-3 |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി. പി4/775/18(10) തീ. 20..02.2018 | 5 | 2-4,3-1, 3-2, 3-3, 3-7 |
| 2010-11, 2011-12 | എൽ.എഫ്.കെ.കെ.ഡി. പി4/262/13 തീ. 15.11.2013 | 21 | 2-1, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-10, 3-12, 3-13, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-21, 3-22, 3-25, 4-3, 4-5 |
| 2012-13 | കെ.എസ്.എ.കെ.കെ.ഡി. പി4/618/15 തീ. 23.11.2015 | 10 | 1-3, 3-1(1), 3-1(2), 3-1(3), 3-2, 3-3, 3-5(2), 3-7, 3-9, 4-1 |
| 2013-14, 14 – 15 | കെ.എസ്.എ.കെ.കെ.ഡി. പി4/1386/16 തീ. 21.03.2017 | 23 | 2-1, 2-2, 3-1, 3-2(1), 3-2(2), 3-3, 3-4, 3-5, 3-6, 3-7(1), 3-7(2), 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി. പി4/1943/16 തീ. 21.03.2017 | 18 | 2-1, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി. പി4/2118/17 തീ. 28.02.2018 | 7 | 2-1(1), 3-1, 3-2, 3-3, 3-4, 3-5, 3-9 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

നം:കെ.എസ്.എ.കെ.കെ.ഡി.പി4/2700/2018 തീയതി:07.01.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്

സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **കായണ്ണ** ഗ്രാമപഞ്ചായത്തിന്റെ **2017-18** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ **2017-18** ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം, കോഴിക്കോട്